# ബാലനീതി നിയമം

## കൈപ്പുസ്തകം

## ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം 2015



കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

ഫെബ്രുവരി 2022

# ബാലനീതി നിയമം

## കൈപ്പുസ്തകം

കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ

ഫെബ്രുവരി 2022

# കുട്ടികളുടെ അവകാശങ്ങൾ

## കൈപ്പുസ്തകം (ബാലനീതി നിയമം, 2015)

**ഫെബ്രുവരി 2022**


| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | **ശ്രീമതി പി.വി. ഗീത**<br>രജിസ്ട്രാർ |
| എഡിറ്റർ | : | **ശ്രീ. പി. ശ്യാം കുമാർ**<br>പബ്ലിക് റിലേഷൻസ് ഓഫീസർ |
| തയാറാക്കിയത് | : | **ആൽഫ്രഡ് ജെ. ജോർജ്**<br>സീനിയർ ടെക്നിക്കൽ ഓഫീസർ,<br>ജെ.ജെ. സെൽ |
| | : | **ജ്യോതി. കെ.ജി**<br>കേസ് വർക്കർ, ജെ.ജെ. സെൽ |
| പ്രിന്റ് ആൻഡ് പബ്ലിഷർ | : | കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ<br>പൊതുജനതാത്പര്യാർത്ഥം പ്രസിദ്ധീകരിക്കുന്ന ലഘുലേഖ |
| അച്ചടി | : | സിആപ്റ്റ്, തിരുവനന്തപുരം |
| കോപ്പികൾ | : | 20000<br>(സൗജന്യവിതരണത്തിന്) |


വിവിധ ബാലാവകാശ നിയമങ്ങളെയും ചട്ടങ്ങളെയും അടിസ്ഥാനമാക്കി കമ്മീഷൻ തയ്യാറാക്കിയതാണ് ഉള്ളടക്കം. എന്നിരുന്നാലും നിയമപരമായും അല്ലാതെയുമുള്ള ആവശ്യങ്ങൾക്ക് സർക്കാർ ഗസറ്റ്, അസ്സൽ പ്രസിദ്ധീകരണങ്ങൾ എന്നിവ പരിശോധിച്ച് വിവരങ്ങളുടെ കൃത്യത ഉറപ്പു വരുത്തേണ്ടതാണ്.


**കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ**

വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി പി.ഒ., തിരുവനന്തപുരം-695 034.

ഫോൺ : 0471 - 2326603 ഫാക്സ്: 0471-2326603

ഇ-മെയിൽ : childrights.cpcr@kerala.gov.in വെബ്: www.kescpcr.kerala.gov.in

facebook.com/KeSCPCRKerala twitter.com/ KeSCPCR_Kerala

# കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

| പേര് / തസ്തിക | ചുമതല / ജില്ലകൾ | ഇ-മെയിൽ/ ഫോൺ |
|---|---|---|
| **ശ്രീ. കെ. വി. മനോജ് കുമാർ** | ചെയർപേഴ്സൺ | cp.cpcr@kerala.gov.in<br>9446448846 |
| **കമ്മീഷൻ അംഗങ്ങൾ** | | |
| **ഫാ. ഫിലിപ്പ് പരക്കാട്ട് പി.വി** | തിരുവനന്തപുരം (സിറ്റി)<br>കണ്ണൂർ, തൃശ്ശൂർ | parakattphilip@gmail.com<br>9846114098 |
| **ശ്രീ. കെ. നസീർ** | തിരുവനന്തപുരം (റൂറൽ)<br>ആലപ്പുഴ, എറണാകുളം | advnazeerchaliyam@gmail.com<br>9895236212 |
| **ശ്രീമതി ബബിത ബി.** | കോഴിക്കോട് , വയനാട് | Advbabithabalarajan2020@gmail.com<br>9495325269 |
| **ശ്രീ. റെനി ആന്റണി** | കൊല്ലം, പത്തനംതിട്ട, ഇടുക്കി | reniantonyplr@gmail.com<br>9747037200 |
| **ശ്രീമതി ശ്യാമളാ ദേവി പി.വി** | കോട്ടയം , കാസർകോട് | advsyamaladevi@gmail.com<br>9495653810 |
| **ശ്രീ. സി. വിജയകുമാർ** | പാലക്കാട്, മലപ്പുറം | vijayakumarathavanad@gmail.com<br>9496129702 |

| | | |
|---|---|---|
| സെക്രട്ടറി | **ശ്രീമതി അനിത ദാമോദരൻ** | secy.cpcr@kerala.gov.in |
| രജിസ്ട്രാർ | **ശ്രീമതി പി.വി. ഗീത** | childrights.cpcr@kerala.gov.in |

# ഉള്ളടക്കം


| ക്രമ നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | ആമുഖം | 9 |
| 2 | ബാലനീതി നിയമപ്രകാരം പൊതുവായി അനുവർത്തിക്കേണ്ട തത്ത്വങ്ങൾ | 10 |
| 3 | ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികൾ | 13 |
| 3.1 | ചൈൽഡ് വെൽഫെയർ കമ്മിറ്റി | 15 |
| 3.2 | ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ നടപടിക്രമം | 16 |
| 4 | ശിശു സംരക്ഷണം ആവശ്യമായ കുട്ടിയെ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് മുമ്പാകെ ഹാജരാക്കാൻ നിയമപരമായി ഉത്തരവാദപ്പെട്ടവർ | 17 |
| 5 | ശ്രദ്ധയും സംരക്ഷണവും ആവശ്യമായി വരുന്ന വിഷയങ്ങളിൽ/ കേസുകളിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി കൈക്കൊള്ളുന്ന നടപടികൾ | 18 |
| 6 | ശ്രദ്ധയും സംരക്ഷണവും ആവശ്യമായി വരുന്ന കുട്ടികളുടെ വിഷയങ്ങളിൽ കർത്തവ്യവാഹകരുടെ പങ്ക് | 18 |
| 6.1 | പോലീസ് (സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് (SJPU)/ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർ (CWPO)) | 18 |
| 6.2 | ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ നടപടിക്രമങ്ങൾ | 20 |
| 6.3 | ജില്ല ശിശുസംരക്ഷണ യൂണിറ്റിന്റെ നടപടിക്രമങ്ങൾ | 24 |
| 6.4 | സന്നദ്ധ സംഘടനകളുടെ നടപടിക്രമങ്ങൾ | 28 |
| 7 | ശ്രദ്ധയും സംരക്ഷണം ആവശ്യമായ കുട്ടികളുടെ പുനരധിവാസം | 28 |
| 8 | നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ | 29 |
| 9 | നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടിയെ (Child in conflict with Law) സംബന്ധിച്ച ജുവനൈൽ ജസ്റ്റിസ് ബോർഡ് കൈക്കൊള്ളുന്ന നടപടികൾ | 30 |
| 9.1 | കുട്ടി അതീവ ഗുരുതര കുറ്റകൃത്യം ചെയ്യുമ്പോൾ ഉള്ള നിയമനടപടികൾ (16–18 വയസ്സ്) | 31 |

| | | |
|---|---|---|
| 10 | ബാലനീതി നിയമത്തിൽ കുട്ടികൾ നിയമവുമായി പൊരുത്തപ്പെടാതെ വരുന്ന കുറ്റകൃത്യങ്ങളെ നിസ്സാര കുറ്റകൃത്യം, ഗുരുതര കുറ്റകൃത്യം, അതീവഗുരുതര കുറ്റകൃത്യം | 32 |
| 10.1 | നിസ്സാര കുറ്റകൃത്യം | 32 |
| 10.2 | ഗുരുതര കുറ്റകൃത്യം | 32 |
| 10.3 | അതീവഗുരുതര കുറ്റകൃത്യം | 33 |
| 11 | നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ കേസുകളിൽ ഇടപെടുമ്പോൾ കർത്തവ്യവാഹകർ സ്വീകരിക്കേണ്ട നടപടികൾ | 33 |
| 11.1 | പോലീസിന്റെ പങ്ക് | 33 |
| 11.2 | ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ പങ്ക് | 35 |
| 11.3 | ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ പങ്ക് | 38 |
| 11.4 | ജില്ല ശിശു സംരക്ഷണ യൂണിറ്റിന്റെ പങ്ക് | 38 |
| 11.4.1 | പ്രൊബേഷൻ ഓഫീസർ | 41 |
| 11.5 | സർക്കാരിതര സംഘടനയുടെ പങ്ക് (എൻ.ജി.ഒ) | 45 |
| 12 | ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ തീരുമാനങ്ങൾ | 45 |
| 13 | നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ പുനരധിവാസം | 47 |
| 14 | ദത്തെടുക്കൽ | 47 |
| 15 | ദത്തെടുക്കലിൽ സെൻട്രൽ അഡോപ്ഷൻ അതോറിറ്റിയുടെ പങ്ക് | 48 |
| 16 | സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസിയുടെ ഘടന | 48 |
| 16.1 | സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസിയുടെ പ്രവർത്തനം | 49 |
| 17 | സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസി (SAA) | 50 |
| 18 | ദത്തെടുക്കുന്ന മാതാപിതാക്കളുടെ യോഗ്യത | 51 |
| 19 | ബാലനീതി നിയമം 2015 അനുശാസിക്കുന്ന കുറ്റവും ശിക്ഷയും | 52 |
| 20 | ജില്ലാ മജിസ്ട്രേറ്റ് /അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ പ്രവർത്തങ്ങളും ഉത്തരവാദിത്വങ്ങളും | 54 |
| 21 | ബാലാവകാശ സംരക്ഷണ കമ്മീഷൻ | 58 |

സുരക്ഷിതമായ ബാല്യം ഓരോ കുട്ടിയുടെയും അവകാശ മാണ്. അതുകൊണ്ടുതന്നെ രാഷ്ട്രത്തിന്റെ ഭാവി വാഗ്ദാനമായ കുട്ടികൾക്ക് ആഹ്ളാദഭരിതവും സുരക്ഷിതവുമായ ലോകം സൃഷ്ടിക്കേണ്ടത് ആധുനിക കാലഘട്ടത്തിന്റെ അനിവാര്യതയാണ്. മുതിർന്നവരെപ്പോലെ കുട്ടികളുടെ അവകാശസംരക്ഷണത്തിനും സുരക്ഷയ്ക്കുമായി ഇന്ത്യൻ ഭരണഘടന വിപുലമായ കടമകളാണ് സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുള്ളത്. കുട്ടികളുടെ സുരക്ഷിതത്വം, സംരക്ഷണം, വിദ്യാഭ്യാസം, തൊഴിൽ ചൂഷണത്തിൽനിന്നുമുള്ള പരിരക്ഷ, ആരോഗ്യം, അന്തസ്സ് തുടങ്ങിയവ ഉറപ്പുവരുത്തുന്നതി നുള്ള വ്യവസ്ഥകളും, ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷ ണവും) നിയമം – 2015, ലൈംഗിക അതിക്രമങ്ങളിൽനിന്ന് കുട്ടികളെ സംരക്ഷിക്കുന്ന നിയമം – 2012, സൗജന്യവും നിർബന്ധിതവുമായ കു ട്ടികളുടെ വിദ്യാഭ്യാസ അവകാശനിയമം – 2009, ബാല കൗമാര വേല നിയമം -1986 എന്നീ ബാലസംരക്ഷണ നിയമങ്ങളെല്ലാം ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തുകയും നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. നാളെയുടെ ഭാവി വാഗ്ദാനമായ കുട്ടികൾക്ക് നേരെ യുണ്ടാകുന്ന കുറ്റകൃത്യങ്ങൾ ഓരോന്നും നാടിന്റെ സാമൂഹ്യപുരോഗ തിയെ സാരമായി ബാധിക്കുന്ന പ്രശ്നമാണ്. അതിനാൽ കുട്ടികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തിക്കൊണ്ട് മാത്രമേ നമുക്ക് മുന്നോട്ടുപോകാൻ സാധിക്കൂ.

ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം 2015-ലെ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെയും ശ്രദ്ധ യും സംരക്ഷണവും ആവശ്യമായ കുട്ടികളുടെയും അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിന് പ്രസ്തുത നിയമത്തെ സംബ ന്ധിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുക എന്ന ലക്ഷ്യത്തോ ടെയാണ് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ പ്രധാന ബാലാവകാശ സംരക്ഷണ നിയമമായ **ബാലനീതി (കുട്ടി കളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം – 2015** എന്ന കൈപ്പു സ്തകം പ്രസിദ്ധീകരിക്കുന്നത്.

**കെ.വി. മനോജ്കുമാർ**
(ചെയർപേഴ്സൺ)

# ആമുഖം

**ഇ**ന്ത്യൻ ഭരണഘടനയുടെ 14, 15, 19, 21, 23, 24, 45 അനുച്ഛേദങ്ങൾ കുട്ടികളുടെ സുരക്ഷിത ബാല്യത്തിനായി നിയമങ്ങളും വ്യവസ്ഥകളും, സംവിധാനങ്ങളും അനുശാസിക്കുന്നു. കുട്ടികളുടെ സാർവ്വലൗകികമായ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി ഐക്യരാഷ്ട്രസഭ മുന്നോട്ടുവച്ച കുട്ടികളുടെ അവകാശ ഉടമ്പടി 1992-ൽ ഭാരതം ഒപ്പുവച്ചിട്ടുമുണ്ട്. ഇക്കാരണങ്ങളാൽ രാജ്യത്തെ ഓരോ കുട്ടിക്കും സുരക്ഷിതമായ ബാല്യം നൽകുക എന്നത് ഭാരതത്തിന്റെ കടമയാണ്. ഈ പശ്ചാത്തലത്തിലാണ് നാളിതുവരെ നിലനിന്ന കുട്ടികളെ സംബന്ധിക്കുന്ന നിയമങ്ങൾ അവലോകനം ചെയ്തും അന്താരാഷ്ട്ര നിയമങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടും സുരക്ഷിത ബാല്യത്തിന് സമഗ്രമായ നിയമം സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്. ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം 2015 (Juvenile Justice (Care & Protection of Children) Act, 2015)

| അദ്ധ്യായം | വകുപ്പുകൾ | വിശദീകരണം |
|---|---|---|
| 1 | 1-2 | ആമുഖം |
| 2 | 3 | കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവുമായി ബന്ധപ്പെട്ട പൊതുതത്ത്വങ്ങൾ |
| 3 | 4-9 | ജുവനൈൽ ജസ്റ്റിസ് ബോർഡ് |
| 4 | 10-26 | നിയമവുമായി പൊരുത്തപ്പെടാൻ സാധിക്കാത്ത കുട്ടികൾ |
| 5 | 27-30 | ചൈൽഡ് വെൽഫെയർ കമ്മിറ്റി |
| 6 | 31-38 | ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുമായി ബന്ധപ്പെട്ട നടപടി |
| 7 | 39-55 | പുനരധിവാസം |
| 8 | 56-73 | ദത്തെടുക്കൽ |
| 9 | 74-89 | കുട്ടികൾക്കെതിരെയുള്ള മറ്റു കുറ്റകൃത്യങ്ങൾ |
| 10 | 90-112 | മറ്റിനം (Miscellaneous) |

ഈ നിയമത്തിന്റെ വകുപ്പ് 2 (12) പ്രകാരം 18 വയസ്സുവരെയുള്ള ഏതൊരാളെയും കുട്ടി എന്ന് നിർവ്വചിക്കുന്നു. കുട്ടിയുടെ

പ്രായം തെളിയിക്കുന്നതിനായി ജനന സർട്ടിഫിക്കറ്റ്, സ്കൂൾ സർട്ടിഫിക്കറ്റ് ഇവ രണ്ടും ലഭ്യമല്ലെങ്കിൽ മെഡിക്കൽ ബോർഡിന്റെ ബോൺ ഓസിഫിക്കേഷൻ ടെസ്റ്റ് സർട്ടിഫിക്കറ്റ് സ്വീകരിക്കാവുന്നതാണ്.

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടി (Child in Conflict with Law-CCL), (ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടി (Child in Need of Care & Protection – CNCP) എന്നിങ്ങനെ കുട്ടികളെ രണ്ടായി തരംതിരിച്ചിരിക്കുന്നു. ഗണം തിരിച്ച് ഏറ്റവും അനുയോജ്യമായ സേവനം കുട്ടിക്ക് ലഭ്യമാക്കുന്നതിനു വേണ്ടിയാണ് കുട്ടികളെ രണ്ടു തരത്തിൽ നിർവ്വചിച്ചിരിക്കുന്നത്. അവരുടെ സംരക്ഷണത്തിനും പുനരധിവാസത്തിനും ആവശ്യമായ സംവിധാനങ്ങളും നിയമം ഉറപ്പാക്കുന്നു. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കുവേണ്ടി ജുവനൈൽ ജസ്റ്റിസ് ബോർഡും (JJB) ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കുവേണ്ടി ചൈൽഡ് വെൽഫെയർ കമ്മിറ്റിയും (CWC) എല്ലാ ജില്ലകളിലും രൂപീകരിക്കുവാൻ നിയമം നിർദ്ദേശിക്കുന്നു. ദത്തെടുക്കലിന് വേണ്ടി CARA (Central Adoption Resource Authority), കുട്ടികളുടെ സുരക്ഷിതത്ത്വത്തിനായി സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് (SJPU), ജില്ല ശിശുസംരക്ഷണ യൂണിറ്റുകൾ (DCPU), സ്പെഷ്യൽ ഹോം, ചിൽഡ്രൻസ് ഹോം, ഒബ്സർവേഷൻ ഹോം തുടങ്ങിയവ സ്ഥാപിക്കുന്നതിനും ബാലനീതി നിയമം നിർദ്ദേശിക്കുന്നു.

## 2. ബാലനീതി നിയമപ്രകാരം പൊതുവായി അനുവർത്തിക്കേണ്ട തത്ത്വങ്ങൾ

- **കുട്ടിയുടെ ശ്രദ്ധയും സംരക്ഷണവും സംബന്ധിച്ച പൊതു തത്ത്വങ്ങൾ.**
  വകുപ്പ് 3(I - XVI)

  i. **നിരപരാധിയായി അനുമാനിക്കുക:** 18 വയസ്സ് പ്രായം വരെ, ഏതൊരു കുട്ടിയും ഏതൊരു ദുരുദ്ദേശത്തിലോ ക്രിമിനൽ ലക്ഷ്യത്തിലോ നിരപരാധിയാണെന്ന് അനുമാനിക്കേണ്ടതാണ്.

  ii. **അന്തസ്സും മൂല്യവും:** എല്ലാ മനുഷ്യരേയും തുല്യ അന്തസ്സോടെയും അവകാശത്തോടെയും കരുതേണ്ടതാണ്.

  iii. **പങ്കാളിത്തം:** തന്റെ താല്പര്യത്തെ ബാധിക്കുന്ന എല്ലാ നടപടികളിലും തീരുമാനങ്ങളിലും അവനെ കേൾക്കാ

നും ഉൾപ്പെടുത്താനും ഉള്ള അവകാശം ഓരോ കുട്ടിക്കും ഉണ്ടായിരിക്കുന്നതും കുട്ടിയുടെ പ്രായത്തിനും പക്വത യ്ക്കും ഉചിതമായ പ്രാധാന്യം നൽകിക്കൊണ്ട് കുട്ടി യുടെ അഭിപ്രായം പരിഗണിക്കേണ്ടതുമാണ്.

iv. **ഉത്തമതാല്പര്യം**: കുട്ടിയെ സംബന്ധിക്കുന്ന എല്ലാ തീരുമാനങ്ങളുടെയും അടിസ്ഥാനം, അവ കുട്ടിയുടെ ഉത്തമതാല്പര്യത്തിലുള്ളതാണെന്നും കുട്ടിയുടെ പരി പൂർണ്ണമായ കഴിവുകൾ വികസിപ്പിക്കാൻ കുട്ടിയെ സഹാ യിക്കുന്നതിനും പ്രാഥമിക പരിഗണന നൽകുന്നതായിരി ക്കണം.

v. **കുടുംബത്തിന്റെ ഉത്തരവാദിത്തം**: കുട്ടിയുടെ പരി പാലനത്തിനും പരിപോഷണത്തിനും സംരക്ഷണത്തി നും ഉള്ള പ്രാഥമികമായ ഉത്തരവാദിത്തം, സന്ദർഭമനുസ രിച്ച്, പിറന്ന കുടുംബത്തിന്റേയോ ദത്തെടുത്തതോ പോറ്റി വളർത്തുന്നതോ ആയ മാതാപിതാക്കളുടെയോ ആയിരിക്കും.

vi. **സുരക്ഷ**: പരിപാലനത്തിന്റെയും സംരക്ഷണത്തിന്റെ യും സംവിധാനവുമായി ബന്ധപ്പെടുമ്പോഴും അതിനു ശേഷവും, കുട്ടി സുരക്ഷിതനാണെന്നും യാതൊരുതര ത്തിലുള്ള ഉപദ്രവത്തിനോ ദുരുപയോഗത്തിനോ മോശം പെരുമാറ്റത്തിനോ വിധേയനാവുന്നില്ലെന്നും ഉറപ്പു വരു ത്താനുള്ള എല്ലാ നടപടികളും സ്വീകരിക്കേണ്ടതാണ്.

vii. **പോസിറ്റീവ് നടപടിക്രമങ്ങൾ:** കുട്ടിയുടെ അരക്ഷിതാ വസ്ഥയും ഈ നിയമത്തിന്റെ ഇടപെടലും കുറയ്ക്കുന്ന തിനായി കുട്ടിയുടെ ക്ഷേമവും വ്യക്തിത്വവികസനത്തി ന്റെയും സൗകര്യമൊരുക്കുന്നതിനും ഉൾപ്പെടുത്തിക്കൊ ണ്ടുള്ളതും സൗകര്യപ്രദമായ സാഹചര്യം ഒരുക്കുന്നതി നുമായി കുടുംബത്തിന്റെയും സമൂഹത്തിന്റെയും അടക്ക മുള്ള എല്ലാ വിഭവങ്ങളും സമാഹരിക്കേണ്ടതുണ്ട്.

viii. **കളങ്കപ്പെടുത്തുന്ന പദപ്രയോഗങ്ങൾ പാടില്ല:** കുട്ടിയെ സംബന്ധിക്കുന്ന നടപടികൾക്കിടയിൽ പ്രതികൂലമോ

കുറ്റപ്പെടുത്തുന്നതോ ആയ തരത്തിലുള്ള പദങ്ങൾ ഉപ യോഗിക്കരുത്.

ix. **അവകാശങ്ങൾ ത്യജിക്കാതിരിക്കുക**: കുട്ടിയുടെയോ കുട്ടിക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു വ്യക്തിയുടെയോ ഒരു ബോർഡിന്റെയോ കമ്മിറ്റിയുടെയോ ആവശ്യപ്ര കാരം ആയാലും കുട്ടിയുടെ യാതൊരു അവകാശവും ത്യജിക്കുന്നത് അനുവദനീയമല്ലാത്തതും സാധുതയില്ലാ ത്തതുമാണ്.

x. **തുല്യതയും വിവേചനരാഹിത്യവും ഉറപ്പുവരുത്തുക**: ലിംഗമോ, ജാതിയോ വംശമോ ജന്മസ്ഥലമോ അടക്കം യാതൊരു കാരണത്താലും ഒരു കുട്ടിക്കെതിരെ വിവേ ചനം നടത്താൻ പാടില്ലാത്തതും, എല്ലാ കുട്ടികൾക്കും തുല്യമായ പ്രാപ്യതയും അവസരവും പരിഗണനയും നൽകുകയും വേണം.

xi. **സ്വകാര്യതയും രഹസ്യാത്മകതയും കാത്തുസൂക്ഷി ക്കുക**: ഏതൊരു കുട്ടിക്കും എല്ലാ വിധത്തിലും നിയമപ്ര ക്രിയയിൽ ഉടനീളവും അവന്റെ സ്വകാര്യതയും രഹസ്യാ ത്മകതയും സംരക്ഷിക്കാനുള്ള അവകാശവുമുണ്ടാകും.

xii. **സ്ഥാപനവൽക്കരണം എന്നത് അവസാന ആശ്രയ മായി പരിഗണിക്കുക**: ന്യായമായ അന്വേഷണത്തി നുശേഷം അവസാന ആശ്രയം എന്ന പോലെയേ ഒരു കുട്ടിയെ സ്ഥാപനത്തിന്റെ സംരക്ഷണത്തിലേക്ക് വിടാൻ പാടുള്ളു.

xiii. **പുനരധിവാസവും തിരികെ എത്തിക്കലും**: ഈ പുന രധിവാസവും കുട്ടിയുടെ ഉത്തമ താല്പര്യത്തിൽ അല്ലാത്ത സാഹചര്യത്തിൽ ഒഴിച്ച് ബാലനീതി സംവിധാ നത്തിൽ ഉള്ള എല്ലാ കുട്ടികൾക്കും, ഏറ്റവും പെട്ടെന്ന് അവന്റെ കുടുംബത്തിലേക്ക് കൂടിച്ചേരാനും, ഈ നിയ മത്തിന്റെ പരിധിയിൽ വരുന്നതിനു മുമ്പ് അവൻ ഉണ്ടാ യിരുന്ന അതേ സാമൂഹ്യസാമ്പത്തികവും സാംസ്കാ രികവുമായി പദവിയിലേക്ക് തിരികെയെത്തപ്പെടാനും അവകാശമുണ്ട്.

xiv. **പുതിയ തുടക്കം**: പ്രത്യേക സാഹചര്യങ്ങളിൽ ഒഴികെ, ബാലനീതി സംവിധാനത്തിൽ ഉൾപ്പെട്ട ഏതൊരു കുട്ടിയുടെയും എല്ലാ പൂർവ്വരേഖകളും നീക്കം ചെയ്യപ്പെടണം.

xv. **ഇതരമാർഗ്ഗം**: കുട്ടിയുടെയോ സമൂഹത്തിന്റെയോ ഉത്തമ താല്പര്യത്തിനെതിരെയെങ്കിൽ, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളെ കൈകാര്യം ചെയ്യുന്ന നടപടികളിൽ, നിയമനടപടികളെ ആശ്രയിക്കാതെയുള്ള നടപടികൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

xvi. **സ്വാഭാവിക നീതി**: ഈ നിയമത്തിൽ ജുഡീഷ്യൽ അധികാരത്തിൽ പ്രവർത്തിക്കുന്ന എല്ലാ വ്യക്തികളും അധികാരസ്ഥാപനങ്ങളും നീതിപൂർവ്വകമായ വിചാരണയും പക്ഷഭേദത്തിനെതിരെയുള്ള നടപടികളും പുന:പരിശോധിക്കാനുള്ള അവകാശവും അടക്കം നീതിയുടെ അടിസ്ഥാന പ്രൊസീജറൽ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

- കുട്ടിയുടെ സ്വകാര്യത കാത്തുസൂക്ഷിക്കുക (ചട്ടം - 16 (4))
- അനിവാര്യമായ കേസുകളിൽ സപ്പോർട്ട് പേഴ്സന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തുക (ചട്ടം16(5))

**3. ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികൾ (വകുപ്പ് 2 (14)** (I – XII))

**'ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടി' എന്നാൽ**

i. വീടോ താമസസ്ഥലമോ ഇല്ലാതെയും ഉപജീവനത്തിന് പറയത്തക്ക യാതൊരു മാർഗ്ഗവും ഇല്ലാതെയും കാണപ്പെട്ടതോ–

ii. നിലവിൽ പ്രാബല്യത്തിലുള്ള തൊഴിൽ നിയമങ്ങൾക്കു വിരുദ്ധമായി തൊഴിൽ ചെയ്യുന്നതായി കാണപ്പെട്ടതോ ഭിക്ഷ യാചിക്കുന്നതോ തെരുവിൽ ജീവിക്കുന്നതോ ആയി കാണപ്പെട്ടതോ–

iii. ഒരു വ്യക്തിയുടെ കൂടെ താമസിക്കുന്നതും (കുട്ടിയുടെ രക്ഷിതാവാകാം, അല്ലായിരിക്കാം) ആ വ്യക്തി –

- കുട്ടിയെ പരിക്കേല്പിക്കയോ ചൂഷണം ചെയ്യുകയോ ദുരുപയോഗം ചെയ്യുകയോ അവഗണിക്കുകയോ; കുട്ടിയുടെ സംരക്ഷണത്തിനായി നിലവിൽ പ്രാബല്യ ത്തിലുള്ള ഏതെങ്കിലും നിയമം ലംഘിക്കുകയോ;
- കുട്ടിയെ കൊല്ലുമെന്നോ പരിക്കേൽപ്പിക്കുമെന്നോ ചൂഷണം ചെയ്യുമെന്നോ ദുരുപയോഗം ചെയ്യുമെന്നോ ഭീഷണിപ്പെടുത്തുന്നതും ആ ഭീഷണി നടത്താൻ ന്യായമായും സാദ്ധ്യതയുള്ളതും;
- മറ്റേതെങ്കിലും കുട്ടിയെയോ കുട്ടികളെയോ കൊല്ലുകയോ ദുരുപയോഗം ചെയ്യുകയോ അവഗണിക്കുകയോ ചൂ ഷണം ചെയ്യുകയോ ചെയ്തിട്ടുള്ളതും ഈ വ്യക്തി ഈ കുട്ടിയെ കൊല്ലാനോ ദുരുപയോഗം ചെയ്യാനോ ചൂഷണം ചെയ്യാനോ അവഗണിക്കാനോ ന്യായമായും സാദ്ധ്യതയുള്ളതും;

iv. ആരും സഹായിക്കാനോ പരിപാലിക്കാനോ ഇല്ലാ ത്തതോ ശ്രദ്ധിക്കാൻ പ്രാപ്തരല്ലാത്ത മാതാപിതാക്ക ളാണെന്ന് ബോർഡോ കമ്മിറ്റിയോ കണ്ടെത്തിയതോ മാനസികരോഗമുള്ളതോ ശാരീരിക അവശത ഉണ്ടെന്നു കണ്ടെത്തിയതോ മാറാരോഗം ബാധിച്ചതോ;

v. മാതാപിതാക്കളോ രക്ഷിതാവോ ഉണ്ടായിരിക്കുകയും എന്നാൽ മാതാപിതാക്കളോ രക്ഷിതാവോ കുട്ടിയുടെ സുരക്ഷയും ക്ഷേമവും ശ്രദ്ധിക്കാനും സംരക്ഷിക്കാ നും പ്രാപ്തരല്ലെന്നോ കഴിവില്ലാത്തവരാണെന്നോ കമ്മി റ്റിയോ ബോർഡോ കണ്ടെത്തിയിട്ടുള്ളത്;

vi. മാതാപിതാക്കൾ ഇല്ലാത്തതും മറ്റാരും പരിപാലിക്കാൻ തയ്യാറല്ലാത്തതും, മാതാപിതാക്കൾ ഉപേക്ഷിച്ചതോ കൈമാറ്റം (സറണ്ടർ) ചെയ്തതോ;

vii. കാണാതായതോ ഓടിപോയതോ, ചട്ടപ്രകാരമുള്ള ഏതെങ്കിലും രീതിയിൽ ന്യായമായ അന്വേഷണം നടത്തി യതിന് ശേഷവും മാതാപിതാക്കളെ കണ്ടെത്താൻ സാധി ക്കാത്തതോ ആയ കുട്ടി;

viii. ലൈംഗിക ദുരുപയോഗത്തിനോ നിയമവിരുദ്ധ പ്രവൃത്തികൾക്കോ വേണ്ടി ദുരുപയോഗമോ ഉപദ്രവമോ ചൂഷണമോ ചെയ്യപ്പെട്ടതോ, ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നതോ, ചെയ്യപ്പെടാൻ സാദ്ധ്യതയുള്ളതോ ആയത്;

ix. അരക്ഷിതമായി കാണപ്പെടുകയും മയക്കുമരുന്ന് ദുരുപയോഗത്തിലോ, ലഹരി/കുട്ടിക്കടത്തിലോ ഉൾപ്പെടാൻ സാദ്ധ്യതയുള്ളത്;

x. അന്യായമായ നേട്ടത്തിനുവേണ്ടി ദുരുപയോഗം ചെയ്യപ്പെടുന്നതോ ചെയ്യപ്പെടാൻ സാദ്ധ്യതയുള്ളതോ ആയത്;

xi. ഏതെങ്കിലും സായുധലഹളയുടെയോ ആഭ്യന്തരകലഹത്തിന്റെയോ പ്രകൃതി ക്ഷോഭത്തിന്റെയോ ഇരയായതോ ബാധിച്ചതോ ആയത്;

xii. വിവാഹപ്രായം എത്തുന്നതിനു മുമ്പ് വിവാഹം നടത്തുമെന്ന അടിയന്തിര ഭീഷണിയുള്ളതും മാതാപിതാക്കളോ കുടുംബാംഗങ്ങളോ രക്ഷിതാക്കളോ മറ്റാരെങ്കിലുമോ അത്തരം വിവാഹം നടത്താൻ മുൻകൈ എടുത്തിട്ടുള്ളതും ആയ കുട്ടി എന്നർത്ഥം.

ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളെ പരിപാലിക്കുന്നതിന് ഓരോ ജില്ലയിലും ശിശുക്ഷേമ സമിതി (ചൈൽഡ് വെൽഫെയർ കമ്മിറ്റി) സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

**3.1 ചൈൽഡ് വെൽഫെയർ കമ്മിറ്റി**

- അഞ്ച് അംഗങ്ങൾ അടങ്ങുന്ന ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ ഒരു ചെയർപേഴ്സൺ, നാല് അംഗങ്ങളും ഉണ്ടായിരിക്കും. അതിൽ ഒരാളെങ്കിലും വനിത ആയിരിക്കണം.
- ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കായി കാര്യനിർവ്വഹണ ഉദ്യോഗസ്ഥരെ നൽകേണ്ടത് ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന്റെ കടമയാണ്.
- ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ കാലാവധി മൂന്ന് വർഷത്തേക്കായിരിക്കും.

- ചൈൽഡ് വെൽഫെയർ കമ്മിറ്റിയിലെ ചെയർപേഴ്സണോ അംഗങ്ങളോ അധികാര ദുർവിനിയോഗ കുറ്റകൃത്യത്തിന് ശിക്ഷിക്കപ്പെട്ടതോ, കാരണമില്ലാതെ തുടർച്ചയായി മൂന്ന് മാസത്തേക്ക് സിറ്റിങ്ങിൽ പങ്കെടുക്കാതിരിക്കുകയോ, ഒരു വർഷത്തിൽ ¾ സിറ്റിങ്ങിൽ പങ്കെടുത്തില്ലെങ്കിലോ അവരുടെ അംഗത്വം സംസ്ഥാന സർക്കാരിന് അവസാനിപ്പിക്കാം.
- ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ പരാതി പരിഹാര അതോറിറ്റി ജില്ലാ മജിസ്ട്രേറ്റ് ആണ്.
- ചൈൽഡ് വെൽഫെയർ കമ്മിറ്റി കേസുകളുടെ തീർപ്പാക്കലിന്റെ സ്വഭാവവും, കേസുകളുടെ തീർപ്പാക്കലും സംബന്ധിച്ച് വിശദാംശങ്ങൾ ത്രൈമാസ റിപ്പോർട്ട് ആയി ജില്ലാ മജിസ്ട്രേറ്റിന് സമർപ്പിക്കേണ്ടതാണ്.
- ശിശുസംരക്ഷണ സ്ഥാപനങ്ങളിലെ സന്ദർശനം ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ദൗത്യങ്ങളിലൊന്നാണ്.

**3.2 ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ നടപടിക്രമം**

- ശ്രദ്ധയും സംരക്ഷണവും ആവശ്യമായി വരുന്ന കുട്ടികളുടെ പരിചരണം, സംരക്ഷണം, ചികിത്സ, വികസനം, പുനരധിവാസം എന്നിവയ്ക്കായി കേസുകൾ തീർപ്പാക്കാൻ കമ്മിറ്റിക്ക് അധികാരമുണ്ട്.
- മാസത്തിൽ 20 ദിവസമെങ്കിലും ചൈൽഡ് വെൽഫെയർ കമ്മിറ്റി കൂടേണ്ടതുണ്ട്.
- ചൈൽഡ് വെൽഫെയർ കമ്മിറ്റി കൂടുന്ന സമയങ്ങളിൽ അല്ലാതെ ശ്രദ്ധയും സംരക്ഷണവും ആവശ്യമായി വരുന്ന കുട്ടിയെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയിലെ ഒരംഗത്തിന് മുമ്പിൽ ഹാജരാക്കാം.
- ഒരു കുട്ടിയെ സംബന്ധിച്ച് തീരുമാനം എടുക്കുന്ന സമയത്ത് ഭൂരിപക്ഷത്തിന്റെ തീരുമാനം നിലനില്ക്കുന്നു. വ്യക്തമായ ഭൂരിപക്ഷം ഇല്ലാതിരിക്കുമ്പോൾ ചെയർപേഴ്സന്റെ തീരുമാനം നിലനിൽക്കും.
- ശ്രദ്ധയും സംരക്ഷണവും ആവശ്യമായിവരുന്ന കുട്ടിയുടെ കാര്യം അന്തിമമായി തീർപ്പാക്കുമ്പോൾ കുറഞ്ഞത് മൂന്ന് അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം.

- ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുമായി ബന്ധപ്പെട്ട് എല്ലാ വിഷയങ്ങളിലും ചൈൽഡ് വെൽഫെയർ കമ്മിറ്റി അന്വേഷണം നടത്തുകയും ഫോറം – 21 പ്രകാരം 15 ദിവസത്തിനുള്ളിൽ സാമൂഹിക അന്വേഷണ റിപ്പോർട്ട് നൽകാൻ ഉത്തരവ് നൽകുകയും, ഫോറം – 22 പ്രകാരം സമർപ്പിക്കാൻ ശിശുക്ഷേമ ഓഫീസർമാർ, പ്രൊബേഷൻ ഓഫീസർമാർ, ശിശുസംരക്ഷണ യൂണിറ്റ്, സന്നദ്ധസംഘട നകൾ എന്നിവരോട് നിർദ്ദേശിക്കുകയും ചെയ്യാം.
- ശ്രദ്ധയും സംരക്ഷണവും ആവശ്യമായി വരുന്ന കുട്ടിക ളുടെ നടപടിക്രമം ചൈൽഡ് വെൽഫെയർ കമ്മിറ്റി നാല് മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണ്.
- കുട്ടികളെ ദത്തെടുക്കാൻ നിയമപരമായി സ്വതന്ത്രരാണെന്ന് ശരിയായ അന്വേഷണ പ്രക്രിയക്ക് ശേഷം ചൈൽഡ് വെൽഫെയർ കമ്മിറ്റി പ്രഖ്യാപിക്കേണ്ടതാണ്.
- ശിശു സംരക്ഷണം ആവശ്യമുള്ള കുട്ടികളുടെ പ്രശ്നങ്ങ ളിൽ സ്വമേധയാ നടപടി കൈക്കൊള്ളുവാൻ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് അധികാരമുണ്ട്.

**4. ശിശു സംരക്ഷണം ആവശ്യമായ കുട്ടിയെ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് മുമ്പാകെ ഹാജരാക്കാൻ നിയമപരമായി ഉത്തരവാദപെട്ടവർ**

- പോലീസ് ഉദ്യോഗസ്ഥർ/സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്/ചൈൽഡ് വെൽഫെയർ പോലീസ് യൂണിറ്റ്
- ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്
- ഏതെങ്കിലും ഗവൺമെന്റ് ഉദ്യോഗസ്ഥർക്ക്
- ചൈൽഡ് ലൈൻ
- ചൈൽഡ് വെൽഫെയർ ഓഫീസർ/ പ്രൊബേഷൻ ഓഫീസർ
- സാമൂഹ്യ പ്രവർത്തകർ, പൊതുപ്രവർത്തകർ
- നേഴ്സ്, ഡോക്ടർ, ആശുപത്രി മേഖലയിലെ ഉദ്യോഗ സ്ഥർക്ക്
- കുട്ടിക്ക് തനിയേ

## 5. ശ്രദ്ധയും സംരക്ഷണവും ആവശ്യമായി വരുന്ന വിഷയങ്ങളിൽ/ കേസുകളിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി കൈക്കൊള്ളുന്ന നടപടികൾ

**അന്വേഷണം പൂർത്തിയാക്കിയതിനു ശേഷം ചൈൽഡ് വെൽഫെയർ കമ്മിറ്റി:-**

- കുട്ടിക്ക് ശ്രദ്ധയും സംരക്ഷണവും ആവശ്യമാണെന്ന് ഉത്തരവ് നൽകുന്നു.
- കുട്ടിയെ മേൽനോട്ടത്തിലോ അല്ലാതെയോ കുടുംബത്തിലേക്കോ പുനസ്ഥാപിക്കുന്നതിനുള്ള ഉത്തരവ് നൽകുന്നു.
- കുട്ടിയെ ശിശുസംരക്ഷണ സ്ഥാപനങ്ങളിലേക്കോ/ ഫിറ്റ് ഫെസിലിറ്റി/പോറ്റി വളർത്തൽ (Foster care)/ പ്രത്യേക വളർത്തൽ കേന്ദ്രം (Special Adoption Agency) എന്നിവയിലേക്ക് അയച്ച് പരിചരണം നൽകുന്നതിന് ഉത്തരവ് നൽകുന്നു.
- ദീർഘകാല/ താൽക്കാലിക പരിചരണത്തിനായി കുട്ടിയെ അനുയോജ്യനായ വ്യക്തിയെ ഏൽപ്പിക്കുന്നതിന് ഉത്തരവ് നൽകുന്നു.
- ദത്തെടുക്കലിനു വേണ്ടി കുട്ടി നിയമപരമായി സ്വതന്ത്രയാണെന്ന് ഉത്തരവ് നൽകാവുന്നതാണ്.
- ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് ആവശ്യമായ പരിചരണവും പിന്തുണയും നൽകുന്നതിനുള്ള ഉത്തരവ് നൽകുക.
- ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് സ്പോൺസർഷിപ്പ് നൽകുന്നതിനുള്ള ഉത്തരവ് നൽകുക.

## 6. ശ്രദ്ധയും സംരക്ഷണവും ആവശ്യമായി വരുന്ന കുട്ടികളുടെ വിഷയങ്ങളിൽ കർത്തവ്യവാഹകരുടെ പങ്ക്

### 6.1 പോലീസ് (സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് (SJPU)/ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർ (CWPO))

- ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളെ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കുക.

- ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യേണ്ടിവരുന്ന സാഹചര്യങ്ങളിൽ യൂണിഫോം ധരിക്കാൻ പാടുള്ളതല്ല.
- ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ മുമ്പാകെ കുട്ടിയെ ഹാജരാക്കുന്നതിന് മുമ്പായി കുട്ടിയുടെ അടിസ്ഥാന ആവശ്യങ്ങളും ആഹാരവും നൽകിയെന്ന് ഉറപ്പുവരുത്തുക.
- വൈദ്യസഹായം ആവശ്യമാണെങ്കിൽ നൽകുക.
- സ്റ്റേഷനിലെ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർമാർ അതാത് ജില്ലകളിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുമായി ബന്ധപ്പെട്ട വിവരങ്ങളും, സിറ്റിംഗ് ദിവസങ്ങളും അറിഞ്ഞിരിക്കേണ്ടതാണ്.
- ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുമായി ഇടപെടുന്ന പോലീസ് ഉദ്യോഗസ്ഥൻ പ്രദേശത്തെ കുട്ടികളുമായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ, ഫിറ്റ് ഫെസിലിറ്റി, ചൈൽഡ് ലൈൻ എന്നിവയുടെ വിവരങ്ങൾ കൈവശം സൂക്ഷിക്കേണ്ടതാണ്. മാത്രമല്ല ഈ പട്ടികയുടെ പകർപ്പ് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസർ സൂക്ഷിക്കേണ്ടതാണ്.
- ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥന് ശിശുരോഗ വിഭാഗമുള്ള സർക്കാർ ആശുപത്രികളുടെ ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്.
- കാണാതാകുന്ന കുട്ടികളുടെയോ, ബാലവേലയെ അതിജീവിച്ചതോ, ലൈംഗികാതിക്രമത്തിൽ നിന്ന് അതിജീവിച്ചതോ, കുട്ടിക്കടത്തിൽ നിന്ന് രക്ഷപ്പെട്ടതോ, ശൈശവ വിവാഹത്തിന് വിധേയരായതോ, രക്ഷപ്പെട്ടതോ ആയ കുട്ടികളുടെ അവകാശ ലംഘനങ്ങളുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും നടപടി സ്വീകരിക്കേണ്ടിവരുമ്പോഴും നിയമപ്രകാരം ശരിയായതും നീതിയുക്തമായതുമായ അന്വേഷണം ശിശുസൗഹാർദ്ദപരമായ സമീപനവും കൈക്കൊള്ളേണ്ടതാണ്.

- ലൈംഗിക അതിക്രമം അതിജീവിക്കുന്ന കുട്ടികൾക്ക് ശ്രദ്ധയും സംരക്ഷണവും ആവശ്യമാകുന്ന പക്ഷം സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് അല്ലെങ്കിൽ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർ കുട്ടിയെ 24 മണിക്കൂറിനുള്ളിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ മുമ്പാകെ ഹാജരാക്കേണ്ടതാണ്. (പോക്സോ ചട്ടം 2020, 4(4))

**6.2 ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ നടപടിക്രമങ്ങൾ**

- ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങൾ കൈക്കൊള്ളുമ്പോൾ കുട്ടിയുടെ ശ്രദ്ധയും സംരക്ഷണവുമായി ബന്ധമില്ലാത്ത ഒരാളും നടപടികാര്യങ്ങളുമായി ബന്ധപ്പെട്ട് പങ്കെടുത്തിട്ടില്ലെന്ന് ഉറപ്പുവരുത്തണം.
- ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുമായി ബന്ധപ്പെട്ട് അടിയന്തിര സാഹചര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനും സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്/ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസറിനു ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ചൈൽഡ് വെൽഫെയർ കമ്മിറ്റി മുൻകൈയെടുക്കേണ്ടതാണ്.
- ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടിയെ സാധുവായ കാരണങ്ങളാൽ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് മുമ്പാകെ ഹാജരാക്കാൻ കഴിയുന്നില്ലെങ്കിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി കുട്ടിയെ സംരക്ഷിച്ചിരിക്കുന്ന സ്ഥലത്ത് എത്തേണ്ടതാണ്.
- ശിശുസൗഹാർദ്ദപരമായ സ്ഥലത്ത് വച്ച് ശിശുസൗഹാർദ്ദപരമായി മാത്രമേ കുട്ടിയോട് ആശയവിനിമയം നടത്താൻ പാടുള്ളു.
- ചൈൽഡ് വെൽഫെയർ കമ്മിറ്റി കൈകാര്യം ചെയ്യുന്ന ഓരോ കുട്ടിയുടേയും കേസുകളുടെ വിശദാംശങ്ങൾ സൂക്ഷിക്കേണ്ടതാണ്.
- ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ നടപടിക്രമങ്ങൾ കൈക്കൊള്ളുന്ന സ്ഥലത്ത് നിർദ്ദേശപെട്ടി (Suggestion Box)

സ്ഥാപിക്കേണ്ടതും മാസത്തിൽ ഒരിക്കൽ അവലോകനം ചെയ്യേണ്ടതുമാണ്.

- ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളെക്കുറിച്ചുള്ള ബാലനീതി നിയമം ഫോറം -16 -ൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി ത്രൈമാസ റിപ്പോർട്ട് ജില്ലാ മജിസ്ട്രേറ്റിന് സമർപ്പിക്കേണ്ടതാണ്.
- ഓരോ കുട്ടിയുടെയും കേസ് വിവരങ്ങൾ സംഗ്രഹിച്ചത് ബാലനീതി നിയമം ഫോറം-17 -ൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
- ഓരോ കുട്ടിയെയും ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ ഹാജരാക്കുമ്പോൾ ബാലനീതി നിയമം ഫോറം-17 പൂരിപ്പിച്ച് വാങ്ങുന്നു എന്നു ഉറപ്പുവരുത്തേണ്ടതാണ്.
- ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുമായി ബന്ധപ്പെട്ട് അന്വേഷണം പൂർത്തിയാകാതെ ഹാജരാക്കപ്പെടുന്ന കുട്ടിയുമായി ചൈൽഡ് വെൽഫെയർ കമ്മിറ്റി സംവദിച്ചതിനുശേഷം കുട്ടിയെ രക്ഷകർത്താവ്/ രക്ഷിതാവ്/ ഫിറ്റ് പേഴ്സൺ എന്നിവരിൽ ആരോടൊപ്പമെങ്കിലും വിട്ടുനൽകുന്നതിന് ബാലനീതി നിയമം ഫോറം-19 പ്രകാരം ഉത്തരവ് നൽകാവുന്നതാണ്.
- ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുമായി ബന്ധപ്പെട്ട് ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ കുട്ടിയെ ഹാജരാക്കുമ്പോൾ ഹാജരാക്കുന്ന വ്യക്തിയുടെ മൊഴി ആദ്യം രേഖപ്പെടുത്തണം.
- കുട്ടിക്ക് മനസ്സിലാകുന്ന ഭാഷയിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി കുട്ടിയെ കാര്യങ്ങൾ ബോധ്യപ്പെടുത്തേണ്ടതാണ്.
- ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടിയെ ശിശു സംരക്ഷണ സ്ഥാപനങ്ങളിലേക്കോ ഫിറ്റ് ഫെസിലിറ്റിയിലേക്കോ സ്പെഷ്യൽ അഡോപ്ഷൻ ഏജൻസിയിലേക്കോ അയക്കുമ്പോൾ ബാലനീതി നിയമം ഫോറം-18 പ്രകാരം ഉത്തരവ് നൽകേണ്ടതാണ്.

- ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടിക്ക് അടിയന്തിര വൈദ്യസഹായം ആവശ്യമായി വരുന്ന സന്ദർഭത്തിൽ അതിന് ഉത്തരവ് നൽകേണ്ടതാണ്.
- ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടിയുടെ വ്യക്തിഗത ശ്രദ്ധാ പദ്ധതി (ICP) , പുനരധിവാസ പദ്ധതി (Rehabilitation Plan) എന്നിവ തയാറാക്കുന്നതിന് ചൈൽഡ് വെൽഫെയർ കമ്മിറ്റി ഉത്തരവ് നൽകേണ്ടതാണ്. ചൈൽഡ് വെൽഫെയർ കമ്മിറ്റി കൃത്യമായ ഇടവേളകളിൽ കുട്ടിയുടെ പുരോഗതി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
- ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടിയെ വിടുതൽ ചെയ്യുമ്പോൾ കുട്ടിയെയും മാതാപിതാക്കൾ/ രക്ഷകർത്താക്കളെയും കൗൺസലറുടെ മുമ്പാകെ ഹാജരാക്കേണ്ടതാണ്.
- ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടിയുടെ ഫയൽ സൂക്ഷിക്കുമ്പോൾ മെഡിക്കൽ റിപ്പോർട്ട്, എഫ്.ഐ.ആർ, കമ്മിറ്റിയുടെ ഉത്തരവുകൾ, മറ്റുള്ളവ ഓരോ കുട്ടിയുടെയും രേഖകളിൽ സൂക്ഷിക്കേണ്ടതാണ്.
- അന്വേഷണം തീർപ്പുകൽപ്പിക്കാത്ത എല്ലാ കേസുകളിലും 15 ദിവസത്തിനുള്ളിൽ തന്നെ തുടർ നടപടി കൈക്കൊള്ളേണ്ടതാണ്.
- ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടിയുമായി ബന്ധപ്പെട്ട് നിയോഗിച്ചിട്ടുള്ള വ്യക്തി/ സ്ഥാപനം എന്നിവയ്ക്ക് കുട്ടിയുടെ വിദ്യാഭ്യാസം, തൊഴിൽ, പരിശീലനം തുടങ്ങിയവ ആരംഭിക്കുന്നതിന് ഉത്തരവ് നൽകേണ്ടതാണ്.
- ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടിയെ മറ്റൊരു ജില്ലയിലേക്കോ സംസ്ഥാനത്തേക്കോ രാജ്യത്തേക്കോ തിരിച്ച് അയച്ചാൽ ബന്ധപ്പെട്ട ഏജൻസികളിൽ നിന്ന് ആവശ്യമായ അനുമതി വാങ്ങാൻ നടപടി കൈക്കൊള്ളേണ്ടതാണ്.
- ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടിയുടെ നടപടിക്രമം പൂർത്തിയാകുന്ന സമയത്ത് തീർപ്പാക്കൽ ഉത്തരവും അവസാനം തയാറാക്കിയ വ്യക്തിഗത ശ്രദ്ധാപദ്ധതിയും കുട്ടിക്ക് നൽകേണ്ടതാണ്.

- ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടിയുമായി ബന്ധപ്പെട്ട തീർപ്പാക്കിയ ഉത്തരവുകളുടെ തുടർനടപടികൾ ആദ്യത്തേത് ഒരു മാസത്തിനകവും തുടർന്നുള്ള ആറ് മാസത്തേക്ക് മാസത്തിലൊരിക്കൽ ഫോളോഅപ്പ് നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ഉപേക്ഷിക്കപ്പെട്ടതോ അനാഥയായതോ ആയ കുട്ടിയുടെ കാര്യത്തിൽ മാതാപിതാക്കളെയോ രക്ഷിതാക്കളെയോ കണ്ടെത്താൻ ചൈൽഡ് വെൽഫെയർ കമ്മിറ്റി എല്ലാ ശ്രമങ്ങളും നടത്തേണ്ടതും പരിചരണം നൽകാൻ ആരുമില്ലാത്ത കുട്ടിയാണെന്ന് സ്ഥിരീകരിക്കപ്പെട്ടാൽ കുട്ടിയെ നിയമപരമായി ദത്തെടുക്കൽ നടപടിക്ക് വിധേയമാക്കേണ്ടതുമാണ്.

**പ്രായനിർണ്ണയം**

- ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടിയുടെ പ്രായനിർണ്ണയം പ്രാഥമിക ഘട്ടത്തിൽ തന്നെ നടത്തേണ്ടതാണ്.
- ശിശുക്ഷേമ സമിതിയുടെ മുമ്പാകെ കുട്ടിയെ ഹാജരാക്കിയ വ്യക്തി കുട്ടിയുടെ പ്രായസംബന്ധമായ രേഖകൾ സംശയാസ്പദമായോ കുട്ടിയാണെന്ന് വ്യക്തമാകാത്ത സന്ദർഭത്തിലോ സമിതിക്ക് പ്രായം വ്യക്തമാക്കുന്നതിനുള്ള തെളിവ് ശേഖരിക്കാവുന്നതാണ്:
  - സ്കൂൾ സർട്ടിഫിക്കറ്റിലെ ജനനത്തീയതി.
  - ജില്ലാ/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്തുകളിൽ നിന്ന് കൈപ്പറ്റിയ ജനനസർട്ടിഫിക്കറ്റ്.
- പ്രായം തെളിയിക്കുന്നതിനാവശ്യമായ രേഖകളൊന്നും കൈവശമില്ലാത്തസാഹചര്യത്തിൽ ഓസിഫിക്കേഷൻ ടെസ്റ്റിന് (വയസ്സ് നിർണ്ണയിക്കുന്ന ആധുനിക വൈദ്യപരിശോധനയിലൂടെയോ അസ്ഥികോശ പരിശോധനയിലൂടെയോ കുട്ടിയുടെ പ്രായം നിർണ്ണയം) നിർദ്ദേശിക്കാവുന്നതാണ്.

- ശിശുക്ഷേമ സമിതി പ്രായനിർണ്ണയത്തിനുള്ള ഉത്തരവ് നൽകിയാൽ അത് 15 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.

6.3 ജില്ല ശിശുസംരക്ഷണ യൂണിറ്റിന്റെ നടപടിക്രമങ്ങൾ

- ജില്ലയിലെ അനാഥരോ ഉപേക്ഷിക്കപ്പെട്ടവരോ സറണ്ടർ ചെയ്തതോ ആയ കുട്ടിയെ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുഖേന നിയമപരമായി ദത്തെടുക്കൽ നടപടിക്ക് സഹായിക്കേണ്ടതാണ്.
- ഓരോ ദത്തെടുക്കുന്ന രക്ഷകർത്താവിന്റെയും അപേക്ഷയുടെ പുരോഗതി പരിശോധിക്കേണ്ടതാണ്.
- സി.ഡബ്ല്യു.സി.യിൽ നിന്നും ജെ.ജെ.ബി.യിൽ നിന്നും നൽകുന്ന പാദവാർഷിക റിപ്പോർട്ട് സൂക്ഷിക്കുക.
- കുട്ടികൾക്ക് വ്യക്തിഗത/ഗ്രൂപ്പ് കൗൺസലിംഗ്/കമ്മ്യൂണിറ്റി സർവ്വീസ് ക്രമീകരിക്കുക.
- കുട്ടികളുടെ കോടതി നിർദ്ദേശിക്കുന്നതിനനുസരിച്ച് നിഷ്ഠൂര കുറ്റകൃത്യം ചെയ്യപ്പെടുന്ന കുട്ടികളുടെ വ്യക്തിഗത ശ്രദ്ധാ പദ്ധതി (ഐ.സി.പി.) തുടർ നടപടികൾ സ്വീകരിക്കുക.
- പ്ലേസ് ഓഫ് സേഫ്റ്റിയിൽ താമസിപ്പിച്ചിട്ടുള്ള കുട്ടികളുടെ അവലോകനം വർഷാടിസ്ഥാനത്തിൽ നടത്തി റിപ്പോർട്ട് കുട്ടികളുടെ കോടതിയിൽ സമർപ്പിക്കുക.
- നിരീക്ഷണ ചുമതല വഹിക്കാൻ പ്രാപ്തിയുള്ള ഉദ്യോഗസ്ഥരുടെ പട്ടിക സൂക്ഷിക്കുകയും ആറുമാസത്തിലൊരിക്കൽ അത് കുട്ടികളുടെ കോടതിയിൽ പുതുക്കി സമർപ്പിക്കുക.
- ശിശുസംരക്ഷണ കേന്ദ്രങ്ങളിൽ നിന്നും ഓടിപ്പോകുന്ന കുട്ടികളുടെ വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുക.
- മോശമായ കുടുംബാന്തരീക്ഷമുള്ള കുടുംബങ്ങളെയും ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളെയും കണ്ടെത്തുക.

- വിഷമകരമായ സാഹചര്യങ്ങളിൽ താമസിക്കുന്ന കുട്ടികളെ നിർണ്ണയിക്കുന്നതിനും കുട്ടികളുടെ ജീവിത സാഹചര്യം (psycho-social aspects) അനുസരിച്ച് ജില്ലാതലത്തിലുള്ള വിവരശേഖരണം നടത്തുകയും നിരീക്ഷിക്കുകയും ചെയ്യുക.
- കുട്ടികളുമായി ബന്ധപ്പെട്ട സേവനങ്ങൾ തുടർച്ചയായും കാലാനുസൃതമായും ശേഖരിച്ചവയുടെ വിവരങ്ങൾ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്കും ജുവനൈൽ ജസ്റ്റിസ് ബോർഡിനും സമയോചിതമായി സമർപ്പിക്കുക.
- കുട്ടികളുടെ കോടതി, ജുവനൈൽ ജസ്റ്റിസ് ബോർഡ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി എന്നിവ നൽകുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സ്ഥാപനേതര പദ്ധതികളായ (നോൺ ഇൻസ്റ്റിറ്റ്യൂഷണൽ) ആഫ്റ്റർ കെയർ, ഫോസ്റ്റർ കെയർ, സ്പോൺസർഷിപ്പ് എന്നിവ സുഗമമായി നടപ്പിലാക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ നടത്തുക.
- കുട്ടികളെ കുടുംബങ്ങളിലേക്ക് തിരിച്ച് എത്തിക്കുവാൻ ആവശ്യമായ എല്ലാ നടപടിയും സ്വീകരിക്കുക.
- സംസ്ഥാന സർക്കാരിന്റെ എല്ലാ വകുപ്പുകളും, സംസ്ഥാന ശിശുസംരക്ഷണ സമിതിയുടെയും, ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന്റെയും പരസ്പര സമ്പർക്കവും ഏകോപനവും ഉറപ്പു വരുത്തുക.
- ബാലനീതി നിയമത്തിനുള്ളിൽ പരാമർശിക്കപ്പെട്ടിരിക്കുന്നതുപ്രകാരം പ്രവർത്തിക്കുന്ന സിവിൽ സൊസൈറ്റി ഓർഗനൈസേഷനുകൾ തമ്മിൽ പരസ്പരബന്ധം ഉണ്ടാക്കിയെടുക്കുക.
- ശിശുസംരക്ഷണ സ്ഥാപനങ്ങളിലോ കുട്ടികളെ സംരക്ഷിക്കുന്ന മറ്റ് സ്ഥാപനങ്ങളിലോ കുട്ടികളുടെ മരണമോ ആത്മഹത്യയോ നടന്നാൽ അത് അന്വേഷിച്ച് റിപ്പോർട്ടും, കൈക്കൊണ്ട നടപടികളും സംസ്ഥാന ശിശു സംരക്ഷണ സമിതിയ്ക്ക് സമർപ്പിക്കുക.

- കുട്ടികൾക്കായി സ്ഥാപിച്ചിട്ടുള്ള പരാതിപ്പെട്ടിയിൽ നിക്ഷേപിച്ച പരാതികളിലും നിർദ്ദേശങ്ങളിലും ആവശ്യമായ നടപടി സ്വീകരിക്കുക.
- ശിശുസംരക്ഷണ സ്ഥാപനങ്ങളിലുള്ള മാനേജ്മെന്റ് കമ്മിറ്റികളിൽ പ്രാതിനിധ്യം വഹിക്കുക.
- ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ നിൽക്കുന്നതോ ഷെൽട്ടറിൽ നിൽക്കുന്നതോ പോറ്റിവളർത്തൽ പദ്ധതിയിൽ ഉൾപ്പെട്ട കുട്ടികൾ, കാണാതാവുന്ന കുട്ടികൾ എന്ന നിർവചനത്തിൽപ്പെടുന്ന കുട്ടികളാണെങ്കിൽ അവരുടെ ഒരു ഡാറ്റാബേസ് ജില്ലാതലത്തിൽ ഉണ്ടാക്കി സൂക്ഷിക്കേണ്ടതും ഇതിനായി രൂപീകരിച്ചിട്ടുള്ള പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.
- ജില്ലാതലത്തിലുള്ള ശിശുസംരക്ഷണ സ്ഥാപനങ്ങളുടെയും, സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസികളുടെയും, ഓപ്പൺ ഷെൽറ്ററിന്റെയും, ഫിറ്റ് പേഴ്സണുകളുടെയും, ഫിറ്റ് ഫെസിലിറ്റികളുടെയും, ഫോസ്റ്റർ പേരന്റുകളുടെയും പോറ്റിവളർത്താൻ പ്രാപ്തരായ രക്ഷിതാക്കളുടെ പേര് അടങ്ങുന്ന രജിസ്റ്റർ, ആഫ്റ്റർ കെയർ ഓർഗനൈസേഷനുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ ശേഖരിച്ച് അതാത് ജുവനൈൽ ജസ്റ്റിസ് ബോർഡിനും, ചൈൽഡ് വെൽഫെയർ കമ്മിറ്റിക്കും, കുട്ടികളുടെ കോടതിക്കും, മറ്റ് സംസ്ഥാന ശിശു സംരക്ഷണ സമിതിക്കും ആവശ്യാനുസരണം നൽകേണ്ടതാണ്.
- ജില്ലാതലത്തിലുള്ള കൗൺസലിംഗ് സെന്റർ, ആശുപത്രികൾ, ഡീ അഡിക്ഷൻ സെന്റർ, ഓപ്പൺ സ്കൂൾ, വിദ്യാഭ്യാസ സൗകര്യങ്ങൾ തൊഴിൽ പരിശീലനവും, തൊഴിൽ പരിശീലന പരിപാടികൾ നടത്തുന്ന കേന്ദ്രങ്ങളും, വിനോദ പരിപാടികളായ പ്രകടനാത്മകമായ കലകൾ (arts) ലളിതകല (fine arts), പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് നൽകാവുന്ന സേവനങ്ങളുടെയും മറ്റ് സംവിധാനങ്ങളുടെയും വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുകയും അത് ചൈൽഡ് വെൽഫെയർ കമ്മിറ്റിക്കും, ജുവനൈൽ ജസ്റ്റിസ് ബോർഡി

നും, കുട്ടികളുടെ കോടതിക്കും, സംസ്ഥാന ശിശു സംരക്ഷണ സമിതിക്കും നൽകുക.

- ജില്ലാതലത്തിലുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ്, മാനസികാരോഗ്യ വിദഗ്ദർ, തർജമക്കാർ, വ്യാഖ്യാനിക്കുന്നവർ, കൗൺസിലർ, സൈക്കോളജിസ്റ്റ്/സൈക്കോ സോഷ്യൽ വർക്കർ/ അത്യാസന്ന ഘട്ടങ്ങളിൽ കുട്ടികൾക്കുവേണ്ടി പ്രവർത്തിച്ച് പരിചയമുള്ള മറ്റ് വിദഗ്ദർ) എന്നിവരുടെ പട്ടിക ശേഖരിച്ച് അവ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്കും, ജുവനൈൽ ജസ്റ്റിസ് ബോർഡിനും, കുട്ടികളുടെ കോടതി, സംസ്ഥാന ശിശു സംരക്ഷണ സമിതി എന്നിവയ്ക്ക് നൽകുക.
- ബാലനീതി നിയമം കൃത്യമായി നടപ്പിലാക്കുവാൻ എല്ലാ കർത്തവ്യവാഹകർക്കും കാര്യങ്ങൾ അവബോധമുളവാക്കുന്നതിനായി ബോധവൽക്കരണപരിപാടികളും പരിശീലനവും സംഘടിപ്പിക്കുകയും അതിലൂടെ കാര്യക്ഷമതാ പരിപോഷണവും നടത്തുക.
- ജില്ലാതലത്തിൽ ബാലനീതി നിയമത്തിലെ കർത്തവ്യവാഹകരുടെ പാദവാർഷിക അവലോകന യോഗങ്ങൾ നടത്തി നിയമത്തിന്റെ പൂർണ്ണമായ നടത്തിപ്പ് ഉറപ്പ് വരുത്തുക.
- സംസ്ഥാന ശിശുസംരക്ഷണ സമിതിക്ക് മാസാടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിക്കുക.
- ജുവനൈൽ ജസ്റ്റിസ് ബോർഡിലോ, ചൈൽഡ് വെൽഫെയർ കമ്മിറ്റിയിലോ ഒഴിവുകൾ വരുന്നത് ആറുമാസത്തിനു മുൻപായി സംസ്ഥാന സർക്കാരിനെ അറിയിക്കുക.
- ബാലനീതി നിയമപ്രകാരമുള്ള ഇൻസ്പെക്ഷൻ കമ്മിറ്റികളുടെ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകൾ പ്രകാരം (ചൂണ്ടികാണിച്ചിട്ടുള്ള പ്രശ്നങ്ങൾ) കർത്തവ്യവാഹകരുടെ ഏകോപനത്തോടുകൂടി പരിഹരിക്കുക.
- ജുവനൈൽ ജസ്റ്റിസ് ബോർഡിനും, ചൈൽഡ് വെൽഫെയർ കമ്മിറ്റിക്കും കാര്യനിർവഹണ ഉദ്യോഗസ്ഥരെ നൽകുക.

- ശിശുസംരക്ഷണ സ്ഥാപനങ്ങളുടെ സുഗമമായ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും നിയമപരമായി മറ്റ് സംവിധാനങ്ങൾ കൃത്യമായി നടത്തുന്നതിനും സമൂഹത്തിന്റെയും കോർപ്പറേറ്റുകളുടെയും ഇടയിൽ നല്ല ബന്ധം സ്ഥാപിക്കുക.
- ജില്ലാതലത്തിൽ ബാലനീതി നിയമ നിർവഹണത്തിന്റെയും ചട്ടങ്ങളുടെയും മുഖ്യാധികാരിയായി (നോഡൽ ഓഫീസർ) ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ പ്രവർത്തിക്കുക.

### 6.4 സന്നദ്ധ സംഘടനകളുടെ നടപടിക്രമങ്ങൾ

ചൈൽഡ് വെൽഫെയർ കമ്മിറ്റി നിർദ്ദേശിക്കുന്ന പക്ഷം സംസ്ഥാന സർക്കാരിന്റെ പാനലിൽ വരുന്ന സന്നദ്ധ സംഘടനകളിൽ നിന്ന് കേസ് വർക്കർ, കൗൺസലിംഗ്, സൈക്കോളജിക്കൽ ഇടപെടലുകൾ എന്നിവ നൽകുന്നതിനും, ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടിയുടെ സാമൂഹികാന്വേഷണ റിപ്പോർട്ട് തയാറാക്കുന്നതിനും, കുട്ടിയുടെ വ്യക്തിഗത ശ്രദ്ധാപദ്ധതി നൽകുന്നതിനും ഇടപെടലുകൾ നടത്താവുന്നതാണ്.

## 7. ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ പുനരധിവാസം

#### 1) ഓപ്പൺ ഷെൽട്ടർ (തുറന്ന അഭയകേന്ദ്രം)

ഓപ്പൺ ഷെൽട്ടർ ഹോമുകൾ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം (താമസസൗകര്യം ആവശ്യമുള്ള കുട്ടികൾക്ക് ) സാമൂഹികാധിഷ്ഠിത സന്നദ്ധ സംഘടനകളുടെയോ, സർക്കാരിതര സംഘടനകളുടെയോ നേതൃത്വത്തിൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ സംരക്ഷണം നൽകുന്ന സ്ഥലം. ഒരു കുട്ടി 24 മണിക്കൂറിൽ കൂടുതൽ സമയം ഓപ്പൺ ഷെൽട്ടർ ഹോമുകളിൽ താമസിക്കുകയാണെങ്കിൽ ബദൽ സംവിധാനത്തിനായി ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കേണ്ടതാണ്.

#### 2) ഫോസ്റ്റർ കെയർ (പോറ്റി വളർത്തൽ)

ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടി കുടുംബാന്തരീക്ഷത്തിൽ താമസിക്കുന്നതിന് പോറ്റി വളർത്തൽ പദ്ധതി

യിൽ ഉൾപ്പെടുത്താവുന്നതാണ്. ഇത്തരത്തിൽ കുട്ടിയെ ഏൽപ്പിക്കുമ്പോൾ ജന്മം നൽകിയതോ ദത്തെടുത്തതോ ആയ മാതാപിതാക്കൾ ഉൾപ്പെടാത്തതും, സംസ്ഥാന സർക്കാർ അംഗീകരിച്ച് കുട്ടിയുമായി യാതൊരു ബന്ധവുമില്ലാത്ത കുടുംബത്തോടൊപ്പമാണ് താമസിപ്പിക്കേണ്ടത്.

**3) ശിശുസംരക്ഷണ സ്ഥാപനങ്ങൾ**

ശ്രദ്ധയും സംരക്ഷണവും ആവശ്യമായി വരുന്ന കുട്ടികളുടെ പരിപാലനം സംരക്ഷണം, വിദ്യാഭ്യാസം പരിശീലനം വികസനം പുനരധിവാസം എന്നിവയ്ക്കായി ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് പ്രകാരം ബാലനീതി നിയമത്തിന് കീഴിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളാണ് ശിശുസംരക്ഷണ സ്ഥാപനങ്ങൾ.

**4) സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസി**

നിയമപരമായി ദത്തെടുക്കാൻ അനുമതിയുള്ള കുട്ടിയെയാണ് സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസിയിൽ പാർപ്പിക്കുന്നത്. കുട്ടിയുടെ വിവരങ്ങൾ സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിയുടെ പോർട്ടറിൽ ഉൾപ്പെടുത്തിയിരിക്കും.

## 8. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ

- നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ കുറ്റം ആരോപിക്കപ്പെടുന്നതോ കുറ്റകൃത്യം ചെയ്തതായി കണ്ടെത്തിയതോ കുറ്റകൃത്യം നടത്തിയ തീയതിയിൽ 18 വയസ്സ് പൂർത്തിയാക്കാത്തതോ ആയ കുട്ടിയാണ്.
- നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടിയെ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസറോ/സ്പെഷ്യൽ ജുവനൈൽ പോലീസ് ഓഫീസറോ യാത്രാസമയം ഒഴികെ 24 മണിക്കൂറിനുള്ളിൽ നിയമപ്രകാരം ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുന്നിൽ ഹാജരാക്കേണ്ടതുണ്ട്. ഓരോ ജില്ലയിലും കുറഞ്ഞത് ഒരു ജുവനൈൽ ജസ്റ്റിസ് ബോർഡെങ്കിലും ഉണ്ടായിരിക്കണം. ജുവനൈൽ ജസ്റ്റിസ് ബോർഡിൽ മൂന്ന് അംഗങ്ങളുണ്ട്.

- ▶ ഒരു മജിസ്ട്രേറ്റും രണ്ട് അംഗങ്ങളും ചേർന്ന് ഒരു ബെഞ്ചാണ് ജുവനൈൽ ജസ്റ്റിസ് ബോർഡ്. ബെഞ്ചിന് മെട്രോപൊളിറ്റൻ മജിസ്ട്രേറ്റിന്റെയോ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിന്റെയോ അധികാരമുണ്ട്.
- ▶ ജുവനൈൽ ജസ്റ്റിസ് ബോർഡിലെ അംഗങ്ങളുടെ കാലാവധി മൂന്ന് വർഷമാണ്.

- ജുവനൈൽ ജസ്റ്റിസ് ബോർഡിലെ അംഗങ്ങൾ അധികാരദുർവിനിയോഗ കുറ്റകൃത്യത്തിന് ശിക്ഷിക്കപ്പെട്ടതോ, കാരണമില്ലാതെ തുടർച്ചയായി മൂന്ന് മാസത്തേയ്ക്ക് സിറ്റിംഗിൽ പങ്കെടുക്കാതിരിക്കുകയോ, ഒരു വർഷത്തിൽ ¾ സിറ്റിംഗിൽ പങ്കെടുക്കാതിരിക്കുകയോ ചെയ്താൽ ആ വ്യക്തിയുടെ അംഗത്വം സംസ്ഥാന സർക്കാരിന് അവസാനിപ്പിക്കാം.
- നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടിയെ ബോർഡിന് മുന്നിൽ 24 മണിക്കൂറിനുള്ളിൽ ഹാജരാക്കണം.
- അന്തിമ ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ പ്രിൻസിപ്പൽ മജിസ്ട്രേറ്റ് ഉൾപ്പടെ കുറഞ്ഞത് രണ്ട് അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം.
- തീർപ്പുകൽപ്പിക്കാത്ത കേസുകളുടെ ത്രൈമാസ അവലോകനം ജില്ലാ മജിസ്ട്രേറ്റ് നടത്തേണ്ടതാണ്.

## 9. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടിയെ (Child in Conflict with Law) സംബന്ധിച്ച് ജുവനൈൽ ജസ്റ്റിസ് ബോർഡ് കൈക്കൊള്ളുന്ന നടപടികൾ

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടി ചെയ്ത കുറ്റകൃത്യത്തെക്കുറിച്ച് അന്വേഷിച്ചതിന് ശേഷം ജുവനൈൽ ജസ്റ്റിസ് ബോർഡിന് കുറ്റകൃത്യത്തിന്റെ ഗൗരവത്തെ അടിസ്ഥാനമാക്കി താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കാം:

- കൗൺസലിംഗ് കഴിഞ്ഞ് കുട്ടിയെ വീട്ടിലേക്ക് പോകാൻ അനുവദിക്കുക.
- ഗ്രൂപ്പ് കൗൺസലിംഗ് പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ കുട്ടിക്ക് ഉത്തരവ് നൽകുക.

- കമ്മ്യൂണിറ്റി സേവനം ചെയ്യാൻ കുട്ടിക്ക് ഉത്തരവ് നൽകുക.
- പിഴ അടയ്ക്കാൻ കുട്ടിയോടോ മാതാപിതാക്കളോടോ രക്ഷിതാവിനോടോ ആവശ്യപ്പെടുക.
- മൂന്ന് വർഷത്തിൽ കൂടാത്ത കാലയളവിലേക്ക് ഫിറ്റ് പേഴ്സൺ/ ഫിറ്റ് ഫെസിലിറ്റി പ്രകാരം പ്രൊബേഷനിൽ വിട്ടയക്കാൻ ഉത്തരവ് നൽകുക.
- സ്പെഷ്യൽ ഹോം പ്ലേസ് ഓഫ് സേഫ്റ്റിയിലേക്കോ അയക്കാനുള്ള ഉത്തരവ് നൽകുക.

## 9.1 കുട്ടി അതീവ ഗുരുതര കുറ്റകൃത്യം ചെയ്യുമ്പോൾ ഉള്ള നിയമനടപടികൾ (16-18 വയസ്സ് )

16-18 വയസ്സിനിടയിലുള്ള കുട്ടി അതീവ ഗുരുതരമായ കുറ്റം ചെയ്യുമ്പോൾ, ജുവനൈൽ ജസ്റ്റിസ് ബോർഡ് കുട്ടിയുടെ ശാരീരികവും മാനസികവുമായ ശേഷി കുറ്റകൃത്യത്തിന്റെ അനന്തരഫലങ്ങൾ മനസിലാക്കാനുള്ള കഴിവ് എന്നിവയുമായി ബന്ധപ്പെട്ട പ്രാഥമിക വിലയിരുത്തൽ നടത്തിയ ശേഷം അത്തരം കേസുകളിൽ കൂടുതൽ വിചാരണ ആവശ്യമാണെന്ന നിഗമനത്തിലെത്തുന്ന പക്ഷം കുട്ടികളുടെ കോടതിയിലേക്ക് മാറ്റാൻ ജുവനൈൽ ജസ്റ്റിസ് ബോർഡിന് അവസരമുണ്ട്.

വിചാരണയ്ക്ക് ശേഷം കുട്ടികളുടെ കോടതി അതീവ ഗുരുതര കുറ്റകൃത്യം ചെയ്തതിന് ഒരു കുട്ടി കുറ്റക്കാരനാണെന്ന് കണ്ടെത്തിയാൽ അത്തരം കുട്ടിയെ നവീകരണത്തിനും പുനരധിവാസത്തിനുമായി ഇരുപത്തിയൊന്ന് വയസ്സ് വരെ പ്ലേസ് ഓഫ് സേഫ്റ്റിയിലേയ്ക്ക് അയയ്ക്കേണ്ടതുണ്ട്. ഇരുപത്തിയൊന്ന് വയസ്സ് പൂർത്തിയാക്കിയ ശേഷം, കുട്ടികളുടെ കോടതി വിലയിരുത്തൽ നടത്തുകയും അതിനുശേഷം കുട്ടിയെ വിട്ടയക്കുകയോ അല്ലെങ്കിൽ മുതിർന്ന ജയിലേക്ക് മാറ്റുകയോ ചെയ്യാവുന്നതാണ്.

പതിനാറ് വയസ്സിന് മുകളിൽ പ്രായമുള്ള കുട്ടികൾ അതീവ ഗുരുതര കുറ്റകൃത്യം ചെയ്തതായി ആരോപണമുയർന്നാൽ ജുവനൈൽ ജസ്റ്റിസ് ബോർഡിന് ആ കുട്ടിയുടെ അത്തരത്തിലുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതിനുള്ള മാനസികവും ശാരീരികവുമായ അവസ്ഥ (ക്ഷമത), കുറ്റകൃത്യത്തിന്റെ പരിണിത ഫലങ്ങളെ

കുറിച്ച് മനസ്സിലാക്കുന്നതിനുള്ള കഴിവ്, കുറ്റകൃത്യത്തിൽ ഏർപ്പെടുന്നു എന്ന് ആരോപിക്കപ്പെട്ടതായിട്ടുള്ള സാഹചര്യം എന്നിവയെ കുറിച്ച് ഒരു പ്രാഥമിക നിഗമനം നടത്തി തീർപ്പാക്കാവുന്നതാണ്.

**പ്രായനിർണ്ണയം**

- ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടിയുടെ പ്രായനിർണ്ണയം പ്രാഥമിക ഘട്ടത്തിൽ തന്നെ നടത്തേണ്ടതാണ്.
- ശിശുക്ഷേമ സമിതിയുടെ മുമ്പാകെ കുട്ടിയെ ഹാജരാക്കിയ വ്യക്തി കുട്ടിയുടെ പ്രായസംബന്ധമായ രേഖകൾ സംശയാസ്പദമായോ കുട്ടിയാണെന്ന് വ്യക്തമാകാത്ത സന്ദർഭത്തിലോ സമിതിക്ക് പ്രായം വ്യക്തമാക്കുന്നതിനുള്ള തെളിവ് ശേഖരിക്കാവുന്നതാണ്:
  - ▸ സ്കൂൾ സർട്ടിഫിക്കറ്റിലെ ജനനത്തീയതി.
  - ▸ ജില്ലാ/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്തുകളിൽ നിന്ന് കൈപ്പറ്റിയ ജനനസർട്ടിഫിക്കറ്റ്.
  - ▸ പ്രായം തെളിയിക്കുന്നതിനാവശ്യമായ രേഖകളൊന്നും കൈവശമില്ലാത്ത സാഹചര്യത്തിൽ ഓസിഫിക്കേഷൻ ടെസ്റ്റിന് (ആധുനിക വയസ്സ് നിർണ്ണയിക്കുന്ന വൈദ്യപരിശോധനയിലൂടെയോ അസ്ഥികോശ പരിശോധനയിലൂടെയോ കുട്ടിയുടെ പ്രായം നിർണ്ണയം) നിർദ്ദേശിക്കാവുന്നതാണ്.

## 10. ബാലനീതി നിയമത്തിൽ കുട്ടികൾ നിയമവുമായി പൊരുത്തപ്പെടാതെ വരുന്ന കുറ്റകൃത്യങ്ങളെ നിസ്സാര കുറ്റകൃത്യം, ഗുരുതര കുറ്റകൃത്യം, അതീവ ഗുരുതര കുറ്റകൃത്യം എന്ന് തരംതിരിച്ചിരിക്കുന്നു

### 10.1 നിസ്സാര കുറ്റകൃത്യം

ഇന്ത്യൻ പീനൽ കോഡ് (1860 ലെ 45) പ്രകാരം പ്രാബല്യത്തിൽ വരുന്ന ശിക്ഷയ്ക്കോ മറ്റേതെങ്കിലും നിയമത്തിനോ പ്രാബല്യത്തിൽ വരുന്ന മൂന്നുവർഷം വരെ തടവുശിക്ഷ ലഭിക്കുന്ന കുറ്റകൃത്യങ്ങൾ ഉൾപ്പെടുന്നു.

### 10.2 ഗുരുതര കുറ്റകൃത്യം

ഇന്ത്യൻ പീനൽ കോഡ് (1860 ലെ 45) അല്ലെങ്കിൽ മറ്റേതെങ്കിലും നിയമത്തിൽ പ്രാബല്യത്തിൽ വരുന്ന ശിക്ഷ മൂന്ന് മുതൽ ഏഴ് വർഷം വരെ തടവ് ലഭിക്കുന്ന കുറ്റകൃത്യങ്ങൾ ഉൾപ്പെടുന്നു.

### 10.3 അതീവ ഗുരുതര കുറ്റകൃത്യം

ഇന്ത്യൻ പീനൽ കോഡ് (1860 ലെ 45) പ്രകാരമോ മറ്റേതെങ്കിലും നിയമത്തിൽ പ്രാബല്യത്തിൽ വരുന്ന മിനിമം ശിക്ഷ ഏഴ് വർഷമോ അതിൽ കൂടുതലോ തടവ് ശിക്ഷ ലഭിക്കുന്ന കുറ്റകൃത്യങ്ങൾ ഉൾപ്പെടുന്നു.

## 11. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ കേസുകളിൽ ഇടപെടുമ്പോൾ കർത്തവ്യവാഹകർ സ്വീകരിക്കേണ്ട നടപടികൾ

### 11.1 പോലീസിന്റെ പങ്ക്

- കുട്ടി ചെയ്തതായി ആരോപിക്കപ്പെടുന്ന കുറ്റം ആദ്യം രക്ഷകർത്താവിനെ/രക്ഷിതാവിനെ അറിയിക്കുക.
- കുറ്റകൃത്യത്തെക്കുറിച്ചുള്ള വിവരങ്ങൾ പ്രത്യേക ജുവനൈൽ പോലീസ് യൂണിറ്റോ ശിശുക്ഷേമ പോലീസ് ഉദ്യോഗസ്ഥനോ ജനറൽ ഡയറിയിൽ (GD) രേഖപ്പെടുത്തേണ്ടതാണ്. ഗുരുതരമായ കുറ്റകൃത്യങ്ങളൊഴികെ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യേണ്ടതില്ല.
- നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടിയെ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസറോ/സ്പെഷ്യൽ ജുവനൈൽ പോലീസ് ഓഫീസറോ യാത്രാ സമയം ഒഴികെ 24 മണിക്കൂറിനുള്ളിൽ നിയമപ്രകാരം ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുന്നിൽ ഹാജരാക്കേണ്ടതുണ്ട്.
- നിസ്സാരമോ ഗുരുതരമോ ആയ കുറ്റകൃത്യങ്ങളിൽ ചൈൽഡ് വെൽഫെയർ പോലീസ് ഉദ്യോഗസ്ഥർ കുട്ടി ചെയ്ത കുറ്റത്തെക്കുറിച്ച് ജുവനൈൽ ജസ്റ്റിസ് ബോർഡിനെ അറിയിക്കേണ്ടതും സാമൂഹിക പശ്ചാത്തല റിപ്പോർട്ട് (എസ്.ബി.ആർ) സമർപ്പിക്കേണ്ടതുണ്ട്.
- കുട്ടിയെ കൈവിലങ്ങ് അണിയിച്ച് ജയിലിൽ അടയ്ക്കാൻ പാടുള്ളതല്ല. ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുമ്പാകെ ഹാജരാക്കുന്ന സമയം വരെ കുട്ടിയെ ഒബ്സർവേഷൻ ഹോമിലോ/ഫിറ്റ് ഫെസിലിറ്റി അല്ലെങ്കിൽ ഫിറ്റ് പേഴ്സണ് മുമ്പാകെ ഹാജരാക്കുക.

- കുട്ടിയോട് ഏതെങ്കിലും രേഖയിലോ പ്രസ്താവനയിലോ ഒപ്പിടാൻ ആവശ്യപ്പെടാൻ പാടുള്ളതല്ല. എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ; അതിന്റെ പകർപ്പ് കുട്ടിക്ക് അല്ലെങ്കിൽ അവന്റെ മാതാപിതാക്കൾക്ക് അല്ലെങ്കിൽ രക്ഷിതാവിന് നൽകണം.
- സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്/ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസറോ കുട്ടിയെ കുറ്റം ഏറ്റുപറയാനോ, ബലപ്രയോഗം നടത്താനോ, നിർബന്ധിക്കാനോ പാടുള്ളതല്ല. കുട്ടിയുടെ മാതാപിതാക്കൾ/ രക്ഷിതാക്കൾ എന്നിവരെ സിറ്റിംഗുകളിൽ ഹാജരാക്കാൻ അനുവദിക്കാം.
- പ്രത്യേക ജുവനൈൽ പോലീസ് യൂണിറ്റോ, ശിശുക്ഷേമ പോലീസ് ഓഫീസറോ കുട്ടിയുടെ സാമൂഹിക പശ്ചാത്തല റിപ്പോർട്ട് (എസ്.ബി.ആർ) ഫോറം നമ്പർ 1 പ്രകാരം തയ്യാറാക്കി കുട്ടിയെ ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുമ്പാകെ ഹാജരാക്കണം.
- പ്രത്യേക ജുവനൈൽ പോലീസ് യൂണിറ്റോ/ശിശുക്ഷേമ പോലീസ് ഓഫീസറോ കുട്ടിയുടെ മാതാപിതാക്കളെ അല്ലെങ്കിൽ രക്ഷിതാവിനെ അറിയിക്കേണ്ടതാണ്.
- പോലീസ് ഓഫീസർ/ സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്/ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസറോ ആവശ്യമെങ്കിൽ കുട്ടിക്ക് അടിയന്തിര വൈദ്യസഹായം നൽകണം.
- കുട്ടിയെ അഭിമുഖം ചെയ്യുമ്പോൾ ആവശ്യമെങ്കിൽ ഇന്റർപ്രെറ്ററുടെയോ ഒരു പ്രത്യേക അധ്യാപകന്റെയോ സഹായം നൽകണം. കുട്ടിയെ അഭിമുഖം ചെയ്യുമ്പോൾ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർ യൂണിഫോം വസ്ത്രത്തിൽ ആയിരിക്കരുത്.
- പ്രത്യേക ജുവനൈൽ പോലീസ് യൂണിറ്റോ ചൈൽഡ് വെൽഫെയർ പോലീസ് ഉദ്യോഗസ്ഥനോ യാത്രാസമയം ഒഴികെ 24 മണിക്കൂറിനുള്ളിൽ കുട്ടിയെ ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുന്നിൽ ഹാജരാക്കണം.

- കുട്ടിക്ക് സൗജന്യ നിയമ സഹായം നൽകുന്നതിനായി പോലീസ് ഉദ്യോഗസ്ഥർ നിയമ സേവന അതോറിറ്റിയെ അറിയിക്കേണ്ടതാണ്.
- നിയുക്ത ശിശുക്ഷേമ പോലീസ് ഓഫീസർമാർ, ശിശു ക്ഷേമ ഓഫീസർമാർ, പ്രൊബേഷൻ ഓഫീസർമാർ, പാരാ ലീഗൽ വോളന്റീയർമാർ, ജില്ലാ നിയമ സേവന അധികാരികൾ, ഒരു ജില്ലയിലെ രജിസ്റ്റർ ചെയ്ത സന്നദ്ധ, സർക്കാരിതര സംഘടനകൾ, പ്രിൻസിപ്പൽ മജി സ്ട്രേറ്റ്, ബോർഡ് അംഗങ്ങൾ, പ്രത്യേക ജുവനൈൽ പോലീസ് യൂണിറ്റിന്റെയും വിലാസം ഉൾപ്പെടെയുള്ള വിവരങ്ങളും ചൈൽഡ് ലൈൻ സേവനങ്ങളും എല്ലാ പോലീസ് സ്റ്റേഷനുകളിലും പ്രദർശിപ്പിക്കണം.
- 16 വയസ്സിന് മുകളിലുള്ള കുട്ടി ഗുരുതരമായ കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ, ഒരു മാസത്തിനുള്ളിൽ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർ സാക്ഷിയുടെ മൊഴിയും മറ്റ് രേഖകളും ഹാജരാക്കണം. കൂടാതെ അതിന്റെ പകർപ്പ് മാതാപിതാക്കൾക്കും രക്ഷിതാ ക്കൾക്കും നൽകണം.
- കുട്ടി നിസ്സാര/ഗുരുതരമായ കുറ്റകൃത്യം ചെയ്തതായി ആരോപിക്കപ്പെട്ടാൽ കുറ്റകൃത്യത്തിന്റെ കാര്യത്തിൽ അന്തിമ റിപ്പോർട്ട് ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുമ്പാകെ രണ്ട് മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

**11.2 ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ പങ്ക്**

- കുറ്റം ചെയ്തുവെന്ന് ആരോപിച്ച് പോലീസ് പിടികൂ ടിയ ഏതൊരു കുട്ടിയെയും പിടികൂടാനുള്ള കാരണ വും സാഹചര്യവും വിശദീകരിക്കുന്ന സാമൂഹിക പശ്ചാ ത്തല റിപ്പോർട്ട് ഫോം നമ്പർ 1 പ്രകാരം 24 മണിക്കൂറിനു ള്ളിൽ ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുമ്പാകെ ഹാജ രാക്കണം. ജുവനൈൽ ജസ്റ്റിസ് ബോർഡ് ഈ റിപ്പോർട്ട് പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും.

- ജുവനൈൽ ജസ്റ്റിസ് ബോർഡ് കൂടാതിരിക്കുകയും കുട്ടിയെ പോലീസ് നിയന്ത്രണത്തിൽ ആക്കുകയും ചെയ്താൽ, ആ കുട്ടിയെ ബോർഡിലെ ഒരു അംഗത്തിന്റെ മുന്നിൽ ഹാജരാക്കണം കൂടാതെ, ആ അംഗം നൽകിയ ഉത്തരവ് ബോർഡിന്റെ അടുത്ത സിറ്റിംഗിൽ അംഗീകരിക്കേണ്ടതുണ്ട്.
- ജുവനൈൽ ജസ്റ്റിസ് ബോർഡ് മുമ്പാകെ ഹാജരാക്കിയ കുട്ടി തീവ്രവാദ ഗ്രൂപ്പിൽ ഉൽപ്പെട്ടിട്ടുള്ള കുട്ടിയാണെങ്കിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമാണെന്ന് കണക്കിലാക്കി ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് കൈമാറാവുന്നതാണ്.
- കുറ്റകൃത്യം ചെയ്തത് കുട്ടിയാണെന്ന് ബോധ്യപ്പെടുകയും കുട്ടിയെ പോലീസ് നിയന്ത്രണത്തിൽ ആക്കാൻ സാധിക്കാതെയും വന്നാൽ ജുവനൈൽ ജസ്റ്റിസ് ബോർഡിന് കുട്ടിയെ എത്രയും വേഗം ഹാജരാക്കാൻ പോലീസിന് നിർദ്ദേശം നൽകാവുന്നതാണ്.
- കുറ്റം ചെയ്തുവെന്ന് ആരോപിക്കുന്ന കുട്ടിയുടെ സാമൂഹിക പശ്ചാത്തല റിപ്പോർട്ട് (എസ്.ബി.ആർ), പോലീസ് നിയന്ത്രണത്തിലാക്കിയ സാഹചര്യം, കുറ്റകൃത്യത്തിന്റെ സ്വഭാവം എന്നിവ വിശദമായി പരിശോധിച്ചതിന് ശേഷം മാത്രമേ ജുവനൈൽ ജസ്റ്റിസ് ബോർഡ് കേസ് തീർപ്പുകല്പ്പിക്കാൻ പാടുള്ളു.
- കുട്ടിയിന്മേലുള്ള ആരോപണം അടിസ്ഥാനരഹിതമാണെന്നോ, നിസ്സാര കുറ്റമാണെന്നോ അഭിപ്രായമുണ്ടെങ്കിൽ ബോർഡിന് കേസ് തീർപ്പാക്കാവുന്നതാണ്.
- കുട്ടിയുടെ ശ്രദ്ധയും സംരക്ഷണവും ആവശ്യമാണെന്ന് ജുവനൈൽ ജസ്റ്റിസ് ബോർഡ് കരുതുന്നുവെങ്കിൽ കുട്ടിയെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയിലേയ്ക്ക് കൈമാറാവുന്നതാണ്.
- ഫിറ്റ് പേഴ്സൺ/ഫിറ്റ് ഫെസിലിറ്റി/പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തിൽ കുട്ടിയെ അടുത്ത സിറ്റിങ്ങിൽ

ഹാജരാക്കുന്നതുവരെ ബാലനീതി നിയമം ഫോം നമ്പർ 3 പ്രകാരം വിട്ടയക്കാവുന്നതാണ്.

- കുട്ടിയുടെ ഉത്തമ താല്പര്യം സംരക്ഷിക്കുന്നതിനായി കുട്ടിയെ ശിശു സംരക്ഷണ സ്ഥാപനത്തിലേയ്ക്ക് അയയ്ക്കുന്നതിന് ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് കൈമാറാവുന്നതാണ്.
- കുട്ടി കുറ്റം ചെയ്തുവെന്ന് ആരോപിക്കപ്പെടുന്ന കുറ്റകൃത്യങ്ങളിൽ തീർപ്പ് കല്പിക്കാത്ത എല്ലാ വാദങ്ങളിലും 15 ദിവസത്തിനുള്ളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
- നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടി ജാമ്യം ലഭിച്ച ശേഷം ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുന്നിൽ ഹാജരാകുന്നില്ലെങ്കിൽ കുട്ടിയെ ഹാജരാക്കുന്നതിന് ബോർഡ് ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസറിന് നിർദ്ദേശങ്ങൾ നൽകണം.
- ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ നിർദ്ദേശങ്ങൾ പാലിച്ചിട്ടും കുട്ടിയെ ഹാജരാക്കുന്നതിൽ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർ പരാജയപ്പെട്ടാൽ, ബാലനീതി നിയമം, സെക്ഷൻ 26 അടിസ്ഥാനമാക്കി ബോർഡിന് ഉത്തരവുകൾ നൽകാവുന്നതാണ്.
- നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടിയുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ സാക്ഷി ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുമ്പാകെ ഹാജരാകുമ്പോൾ പ്രതികൂല നടപടികൾ നടക്കുന്നില്ലെന്ന് കർശനമായി ഉറപ്പാക്കേണ്ടത് ബോർഡിന്റെ ഉത്തരവാദിത്തമാണ്.
- ജുവനൈൽ ജസ്റ്റിസ് ബോർഡ് ശിശു സൗഹാർദ്ദപരമായി മാത്രമേ കുട്ടിയെ അഭിസംബോധന ചെയ്യാൻ പാടുള്ളു.
- കുട്ടിയെ ഹാജരാക്കുമ്പോൾ ജുവനൈൽ ജസ്റ്റിസ് ബോർഡ് ആദ്യം പ്രായം നിർണ്ണയിക്കണം, പ്രായപരിധി ലഭ്യമല്ലെങ്കിൽ, നിയമത്തിലെ 94-ാം വകുപ്പ് അനുസരിച്ച് പ്രായ

പരിധി നിർണ്ണയിക്കാനുള്ള ഉത്തരവുകൾ ബോർഡ് നൽകാവുന്നതാണ്.

- 16 വയസ്സിന് മുകളിലുള്ള കുട്ടി അതീവ ഗുരുതരമായ കുറ്റകൃത്യം ചെയ്തതായി ആരോപിക്കപ്പെട്ടാൽ പ്രാഥമിക വിലയിരുത്തൽ നടത്തുന്നതിന് ബോർഡിന് മന:ശാസ്ത്രജ്ഞരുടെ/കൗൺസിലറുടെ സഹായം സ്വീകരിക്കാവുന്നതാണ്.
- പ്രാഥമിക അന്വേഷണത്തിന് ശേഷം, മുതിർന്ന ആളിനെ പോലെയാണ് കുറ്റം ചെയ്തതെന്നും കുട്ടിയെ മുതിർന്ന ആളായി കണക്കാക്കണമെന്നും ജുവനൈൽ ജസ്റ്റിസ് ബോർഡിന് അഭിപ്രായമുണ്ടെങ്കിൽ, ബോർഡ് അതിനുള്ള കാരണം നിർണ്ണയിക്കുകയും ആ റിപ്പോർട്ടിന്റെ പകർപ്പ് കുട്ടിയുമായോ കുട്ടിയുടെ രക്ഷകർത്താക്കൾ/രക്ഷിതാവുമായി പങ്കിടുകയും കൂടാതെ കുട്ടികളുടെ കോടതിയിലേക്ക് രേഖകൾ കൈമാറാവുന്നതുമാണ്.

### 11.3 ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ പങ്ക്

- ബാലനീതി നിയമത്തിലെ 83-ാം വകുപ്പ് പ്രകാരം കുട്ടികൾക്ക് ശ്രദ്ധയും സംരക്ഷണവും ആവശ്യമാണെന്ന് ജുവനൈൽ ജസ്റ്റിസ് ബോർഡിന് അഭിപ്രായമുണ്ടെങ്കിൽ, കുട്ടിയെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയ്ക്ക് കൈമാറാവുന്നതാണ്.
- ജുവനൈൽ ജസ്റ്റിസ് ബോർഡ് കൈമാറ്റം ചെയ്യുന്ന ഏതൊരു കുട്ടിയെയും ചൈൽഡ് വെൽഫെയർ കമ്മിറ്റി പരിപാലിക്കുകയും നിയമപ്രകാരം നടപടികൾ കൈക്കൊള്ളുകയും വേണം.

### 11.4 ജില്ല ശിശു സംരക്ഷണ യൂണിറ്റിന്റെ പങ്ക്

- ജുവനൈൽ ജസ്റ്റിസ് ബോർഡിൽ നിന്ന് അയച്ചു നൽകുന്ന പാദവാർഷിക റിപ്പോർട്ട് ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് സൂക്ഷിക്കേണ്ടതാണ്.
- ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ നിർദ്ദേശപ്രകാരം കുട്ടികൾക്കായി വ്യക്തിഗത അല്ലെങ്കിൽ ഗ്രൂപ്പ് കൗൺസിലിംഗും, കമ്മ്യൂണിറ്റി സേവനവും ക്രമീകരിക്കുക.

- അതീവ ഗുരുതര കുറ്റകൃത്യം ചെയ്ത 16 മുതൽ 18 വയസ്സ് വരെ പ്രായമുള്ള കുട്ടികളുടെ വ്യക്തിഗത ശ്രദ്ധാപദ്ധതി കുട്ടികളുടെ കോടതിയുടെ നിർദ്ദേശ പ്രകാരം തയാറാക്കേണ്ടതും തുടർനടപടി കൈക്കൊള്ളേ ണ്ടതുമാണ്.
- എല്ലാ വർഷവും പ്ലേസ് ഓഫ് സേഫ്റ്റിയിൽ താമസി പ്പിച്ചിരിക്കുന്ന കുട്ടിയുടെ അവലോകനം നടത്തുകയും, റിപ്പോർട്ട് കുട്ടികളുടെ കോടതിയിലേക്ക് കൈമാറുകയും ചെയ്യേണ്ടതാണ്.
- ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ നിന്ന് ഒളിച്ചോ ടിയ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ റെക്കോർഡ് സൂക്ഷിക്കുക.
- ജില്ലയുമായി ബന്ധപ്പെട്ട എല്ലാ ശിശുഅനുബന്ധ സേവ നങ്ങളുടെയും വിവരങ്ങൾ അടങ്ങിയ ഒരു റിസോഴ്സ് ഡയറക്ടറി തയ്യാറാക്കുകയും, കൃത്യമായ ഇടവേളക ളിൽ പരഷ്കരിച്ചത് ജുവനൈൽ ജസ്റ്റിസ് ബോർഡിന് സമർപ്പിക്കേണ്ടതുമാണ്.
- ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെയോ, ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെയോ, കുട്ടികളുടെ കോടതിയു ടെയോ, ഉത്തരവ് പ്രകാരം സ്പോൺസർഷിപ്പ്, ഫോസ്റ്റർ കെയർ, ആഫ്റ്റർ കെയർ എന്നിവ നടപ്പിലാക്കേണ്ട താണ്.
- കുട്ടികളെ അവരുടെ കുടുംബങ്ങളിലേക്ക് പുനസ്ഥാ പിക്കുന്നതിനായി എല്ലാ തലങ്ങളിലുമുള്ള പ്രവർത്തനം സുഗമമാക്കുക.
- ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ കുട്ടികളുടെ മര ണമോ ആത്മഹത്യയോ നടന്ന കേസുകളിൽ അന്വേഷി ക്കുകയും റിപ്പോർട്ടുകൾ തയ്യാറാക്കുകയും തുടർ നടപ ടികൾ കൈക്കൊള്ളുകയും ആയത് സംസ്ഥാന ശിശു സംരക്ഷണ സൊസൈറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

- ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ നിർദ്ദേശ ബോക്സിൽ അടങ്ങിയിരിക്കുന്ന കുട്ടികളുടെ പരാതികളും നിർദ്ദേശങ്ങളും പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുക.
- ശിശു സംരക്ഷണ സ്ഥാപനങ്ങളിലെ മാനേജ്മെന്റ് കമ്മിറ്റികളിലേക്ക് പ്രതിനിധിയെ അയയ്ക്കുക
- ശിശു സംരക്ഷണ സ്ഥാപനങ്ങളുടെ വിവരങ്ങൾ, ഫിറ്റ് പേഴ്സൺ, ഫിറ്റ് ഫെസിലിറ്റി, ആഫ്റ്റർ കെയർ നൽകുന്ന സ്ഥാപന വിവരങ്ങൾ ശേഖരിച്ച് ജില്ലാ തലത്തിൽ രജിസ്റ്റർ ചെയ്തത് ജുവനൈൽ ജസ്റ്റിസ് ബോർഡിന് കൈമാറുക.
- ജില്ലാതലത്തിലുള്ള കൗൺസലിംഗ് സെന്റർ, ആശുപത്രികൾ, ഡീ അഡിക്ഷൻ സെന്റർ, ഓപ്പൺ സ്കൂൾ, വിദ്യാഭ്യാസ സൗകര്യങ്ങൾ തൊഴിൽ പരിശീലനവും, തൊഴിൽ പരിശീലനപരിപാടികൾ നടത്തുന്ന കേന്ദ്രങ്ങളും, വിനോദ പരിപാടികളായ പ്രകടനാത്മകമായ കലകൾ (arts) ലളിതകല (fine arts), പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് നൽകാവുന്ന സേവനങ്ങളും സംവിധാനങ്ങളും മറ്റ് സംവിധാനങ്ങളുടെയും വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുകയും അത് ചൈൽഡ് വെൽഫെയർ കമ്മിറ്റിക്കും, ജുവനൈൽ ജസ്റ്റിസ് ബോർഡിനും, കുട്ടികളുടെ കോടതിക്കും, സംസ്ഥാന ശിശു സംരക്ഷണ സമിതിക്കും നൽകുക.
- ജില്ലാതലത്തിലുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സ്, മാനസികാരോഗ്യ വിദഗ്ദ്ധർ, തർജമക്കാർ, വ്യാഖ്യാനിക്കുന്നവർ, കൗൺസിലർ, സൈക്കോളജിസ്റ്റ്/സൈക്കോ സോഷ്യൽ വർക്കർ/ അത്യാസന്ന ഘട്ടങ്ങളിൽ കുട്ടികൾക്കുവേണ്ടി പ്രവർത്തിച്ച് പരിചയമുള്ള മറ്റ് വിദഗ്ദ്ധർ) എന്നിവരുടെ പട്ടിക ശേഖരിച്ച് അവ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്കും, ജുവനൈൽ ജസ്റ്റിസ് ബോർഡിനും, കുട്ടികളുടെ കോടതി, സംസ്ഥാന ശിശു സംരക്ഷണ സമിതി എന്നിവയ്ക്ക് നൽകുക.

- നിയമത്തിന്റെ പുരോഗതിയും നടപ്പാക്കലും അവലോകനം ചെയ്യുന്നതിന് ജില്ലാതലത്തിലെ എല്ലാ പങ്കാളികളുമായി ത്രൈമാസ യോഗം സംഘടിപ്പിക്കുക.
- സംസ്ഥാന ശിശു സംരക്ഷണ സൊസൈറ്റിക്ക് പ്രതിമാസ റിപ്പോർട്ട് സമർപ്പിക്കുക.
- ജുവനൈൽ ജസ്റ്റിസ് ബോർഡിലെ ഒഴിവുകളെക്കുറിച്ച് ഒഴിവുകൾ ഉണ്ടാകുന്നതിന് 6 മാസങ്ങൾക്ക് മുമ്പ് സംസ്ഥാന സർക്കാരിനെ അറിയിക്കുക.
- ജില്ലാ ശിശു സംരക്ഷണ ഓഫീസർ നിയമവും ചട്ടങ്ങളും നടപ്പിലാക്കുന്നതിനുള്ള നോഡൽ ഓഫീസറാണ്.

### 11.4.1 പ്രൊബേഷൻ ഓഫീസർ

പ്രൊബേഷൻ ഓഫ് ഒഫൻസേഴ്സ് ആക്റ്റ്, 1958 പ്രകാരം സംസ്ഥാന സർക്കാരാൽ നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥനാണ് പ്രൊബേഷൻ ഓഫീസർ. കൂടാതെ ജെ.ജെ. ആക്ട് സെക്ഷൻ 2(48) പ്രകാരം സംസ്ഥാന സർക്കാരിന്റെ ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന്റെ കീഴിൽ ലീഗൽ-കം-പ്രൊബേഷൻ ഓഫീസറായി നിയോഗിക്കപ്പെടുന്നവരെയും പ്രൊബേഷൻ ഓഫീസറായി കണക്കാക്കുന്നു.

#### നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ വിഷയങ്ങളിൽ പ്രൊബേഷൻ ഓഫീസറുടെ പങ്ക്

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കിടയിൽ പ്രൊബേഷൻ ഓഫീസറുടെ ഇടപെടൽ താഴെക്കൊടുക്കുന്നു.

- ബാലനീതി നിയമം 2015 വകുപ്പ് 13(1) MR(64) പോലീസ്/ ചൈൽഡ് വെൽഫെയർ പോലീസ് ഉദ്യോഗസ്ഥരുടെ വിവരപ്രകാരം പ്രൊബേഷൻ ഓഫീസർക്ക് ജെ.ജെ. ബി.യുടെ ഉത്തരവില്ലാതെയോ ഉത്തരവോടുകൂടിയോ കുട്ടിയുടെ സാമൂഹിക പശ്ചാത്തല റിപ്പോർട്ട് ഫോറം നം.6 പ്രകാരം ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുമ്പാകെ സമർപ്പിക്കണം.
- നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടി പോലീസ്/ ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസറുടെ കരു

തലിൽ (Apprehension) എത്തിപ്പെടുകയും തുടർന്ന് ജെ. ജെ.ബി.യുടെ മുമ്പാകെ ഹാജരാക്കിയാൽ 15 ദിവസത്തിനകം സാമൂഹ്യപശ്ചാത്തല റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ് [ജെ.ജെ. ആക്റ്റ് 2015 വകുപ്പ് 13(1)(ii) ജെ.ജെ. [മാതൃകാചട്ടം 2016 ചട്ടം 64(1)].

- കുട്ടികളുടെ കോടതിയിൽ/ജെ.ജെ.ബി.യുടെ നടപടിക്രമങ്ങളിൽ പങ്കെടുക്കുകയും ആവശ്യഘട്ടത്തിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുക [മാതൃകാചട്ടം 64(3)(ii)].
- സ്ഥാപനവാസത്തിൽ കുട്ടി അനുഭവിക്കുന്ന പ്രയാസങ്ങളും പ്രശ്നങ്ങളും വിവരിക്കുക [മാതൃകാചട്ടം 64(3)(iii)].
- ഓറിയന്റേഷൻ, നിരീക്ഷണം, വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത, പുനരധിവാസ പദ്ധതികളുമായി ബന്ധപ്പെട്ട പരിപാടികളിൽ പങ്കെടുക്കേണ്ടതാണ് [മാതൃകാചട്ടം 64(3)(iv)].
- കുട്ടിയും സ്ഥാപനാധികാരിയുമായുള്ള ബന്ധവും സഹകരണ മനോഭാവവും ദൃഢപ്പെടുത്തുക [മാതൃകാചട്ടം 64(3)(v)].
- കുട്ടിക്ക് കുടുംബവുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനും, കുടുംബാംഗങ്ങൾക്ക് പിന്തുണ നൽകുകയും ചെയ്യുക [മാതൃകാചട്ടം 64(3)(vi)].
- കുട്ടിയുടെ സ്ഥാപനവാസം അവസാനിപ്പിക്കുന്ന പ്രക്രിയയിൽ പങ്കാളിയാകുകയും, സ്ഥാപനവാസം അവസാനിപ്പിച്ച് കുട്ടിക്ക് സാമൂഹിക-മാനസിക പിന്തുണ നൽകുന്ന വ്യക്തികളുമായി ബന്ധം സ്ഥാപിക്കുന്നതിന് സഹായിക്കുക [മാതൃകാചട്ടം 64(3)(vii)].
- കുട്ടികളുമായി ബന്ധപ്പെട്ട സാമൂഹ്യപശ്ചാത്തല റിപ്പോർട്ട്, മേൽനോട്ടം, ഫോളോ അപ്പ് എന്നിവയ്ക്കായി മറ്റ് സംസ്ഥാനങ്ങളിലെയും ജില്ലകളിലെയും പ്രൊബേഷൻ ഓഫീസറുമായി ബന്ധം സ്ഥാപിക്കുക [മാതൃകാചട്ടം 64(3)(viii)].
- കുട്ടികളുടെ പുനരധിവാസം, പുനരേകീകരണം എന്നിവയ്ക്ക് സാമൂഹ്യ സന്നദ്ധ സംഘടനകളുമായി ബന്ധം

സ്ഥാപിക്കുകയും ആവശ്യമായ ഫോളോ അപ്പ് ഉറപ്പുവരുത്തുകയും ചെയ്യുക [മാതൃകാചട്ടം 64(3)(ix)].

- സ്ഥാപനവാസം അവസാനിപ്പിച്ച കുട്ടിക്ക് സാമൂഹ്യമുഖ്യധാരയിലേക്ക് കടന്നുവരുന്നതിന് ആവശ്യമായ സഹായങ്ങൾ ചെയ്യുകയും ആയത് ഫോളോ അപ്പ് ചെയ്യുകയും ചെയ്യുക [മാതൃകാചട്ടം 64(3)(x)].
- കുട്ടിയുടെ വ്യക്തിഗത ശ്രദ്ധാപദ്ധതിയും, സ്ഥാപനവാസം അവസാനിപ്പിച്ചതിനുശേഷമുള്ള പദ്ധതിയും തയ്യാറാക്കേണ്ടതാണ് [മാതൃകാചട്ടം 64(3)(xi)].
- വ്യക്തിഗത ശ്രദ്ധാപദ്ധതി പ്രകാരം പ്രൊബേഷൻ പിരീഡിൽ കുട്ടിയുടെ മേൽനോട്ട ചുമതല വഹിക്കുക [മാതൃകാചട്ടം 64(3)(xii)].
- കുട്ടിയുടെ താമസസ്ഥലം, വിദ്യാഭ്യാസ-തൊഴിൽ ഇടങ്ങൾ എന്നിവിടങ്ങളിൽ കുട്ടിക്കുവേണ്ടി മേൽനോട്ടം വഹിക്കുകയും കൃത്യമായ ഇടവേളകളിൽ ഫോറം നം.10-ൽ രേഖപ്പെടുത്തേണ്ടതുമാണ് [മാതൃകാചട്ടം 64(3)(xiii)].
- അതാത് കേസ് പ്രകാരം ജെ.ജെ.ബി.യുടെ നിർദ്ദേശപ്രകാരം ഒബ്സർവേഷൻ ഹോം, സ്പെഷ്യൽ ഹോം, പ്ലേസ് ഓഫ് സേഫ്റ്റി, ഫിറ്റ് ഫെസിലിറ്റി എന്നിവിടങ്ങളിൽ കുട്ടിയെ അനുഗമിക്കേണ്ടതാണ് [മാതൃകാചട്ടം 64(3)(xiv)].
- പ്ലേസ് ഓഫ് സേഫ്റ്റിയിൽ കുട്ടിയുടെ പുരോഗതി വിലയിരുത്തുകയും കൃത്യമായ ഇടവേളകളിൽ ആയത് മാനസിക-സാമൂഹിക ഘടകങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയത് കുട്ടികളുടെ കോടതിയിൽ സമർപ്പിക്കേണ്ടതാണ് [മാതൃകാചട്ടം 64(3)(xv)].
- കുട്ടികളുടെ കോടതി നിയമിക്കുകയാണെങ്കിൽ നിരീക്ഷണ ചുമതലകൂടി വഹിക്കേണ്ടതാണ് [മാതൃകാചട്ടം 64(3)(xvi)].
- ദൈനംദിന പ്രവർത്തികൾ രേഖപ്പെടുത്തുന്നതിന് ഒരു ഡയറി/രജിസ്റ്റർ കൈവശം വഹിക്കേണ്ടതാണ്. ആയ

തിൽ സന്ദർശന വിവരങ്ങൾ, സോഷ്യൽ ഇൻവെസ്റ്റി ഗേഷൻ രേഖകൾ, ഫോളോ അപ്പ് നടത്തിയതിന്റെ വിവരങ്ങൾ, മേൽനോട്ടം നടത്തിയ വിവരങ്ങൾ എന്നിവ സൂക്ഷിക്കേണ്ടതാണ് [മാതൃകാചട്ടം 64(3)(xvii)].

- കുട്ടിയുടെ പുനരധിവാസത്തിനും സാമൂഹിക പുനരേകീ കരണത്തിനുമായി സാമൂഹിക സേവനങ്ങളുടെ ബദൽ സംവിധാനം കണ്ടെത്തുകയും സന്നദ്ധ സംഘടനകളു മായി ബന്ധം സ്ഥാപിക്കേണ്ടതുമാണ് [മാതൃകാചട്ടം 64(3)(xviii)].
- മറ്റേതെങ്കിലും കർത്തവ്യങ്ങൾ ചുമതലപ്പെടുത്തുകയാ ണെങ്കിൽ ആയത് നിർവ്വഹിക്കേണ്ടതാണ് [മാതൃകാചട്ടം 64(3)(xix)].
- കുട്ടികളുടെകോടതി [വകുപ്പ്-19(2)പ/ജെ.ജെ.ബി.[വകുപ്പ്-8(3)(b)] യുടേയോ ഉത്തരവുപ്രകാരം കുട്ടിയുടെ പുനരധി വാസം വ്യക്തിഗത ശ്രദ്ധാപദ്ധതിപ്രകാരം തുടർനടപടി സ്വീകരിക്കേണ്ടതാണ്.
- ജാമ്യത്തിൽ വിടുന്ന കുട്ടിയുടെ മേൽനോട്ട ചുമതല നിർവ്വ ഹിക്കേണ്ടത് പ്രൊബേഷൻ ഓഫീസറാണ് [വകുപ്പ് - 12(D)].
- കുട്ടികളുടെ കോടതികളുടെ ഉത്തരവുപ്രകാരം പ്ലേസ് ഓഫ് സേഫ്റ്റിയിൽ താമസിക്കുന്ന കുട്ടിയുടെ പുരോ ഗതി കൃത്യമായ ഇടവേളകളിൽ തുടർനടപടി സ്വീകരിക്കു ന്നതിന്റെ റിപ്പോർട്ട് വാർഷികാടിസ്ഥാനത്തിൽ സമർപ്പി ക്കേണ്ടതാണ് [വകുപ്പ് - 19(4)].
- നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടിക്ക് 21 വയസ്സ് തികയുകയും എന്നാൽ പാർപ്പിക്കൽ കാലാവധി പൂർത്തിയാവാതിരിക്കുകയും ചെയ്യുന്ന സാഹചര്യ ത്തിൽ ഈ കുട്ടിയിൽ സ്വഭാവരൂപീകരണ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ടോയെന്നും കുട്ടി സമൂഹത്തിന് മുതൽ ക്കൂട്ടാവുന്ന വ്യക്തിയായിരിക്കുമോ എന്നും ഉറപ്പു വരുത്തുന്നതിനായി കുട്ടികളുടെ കോടതി ചുമതലപ്പെ

ടുത്തിയ പ്രൊബേഷൻ ഓഫീസർ നിർവ്വഹിക്കേണ്ട താണ് [വകുപ്പ് - 20(1)].

- സ്ഥാപനത്തിൽ താമസിപ്പിച്ചു കുട്ടിയെ വിട്ടയക്കുന്നതി നും മാതാപിതാക്കളുടെയോ രക്ഷിതാക്കളുടെയോ അധി കാരപ്പെട്ട ആളുടെ കൂടെയോ താമസിപ്പിക്കുന്നതിനുള്ള റിപ്പോർട്ട് തയ്യാറാക്കുക [വകുപ്പ് - 97(1)].

### 11.5 സർക്കാരിതര സംഘടനയുടെ പങ്ക് (എൻ.ജി.ഒ)

ജുവനൈൽ ജസ്റ്റിസ് ബോർഡ് നിർദ്ദേശിക്കുന്ന പക്ഷം സംസ്ഥാന സർക്കാരിന്റെ പാനലിൽ വരുന്ന സന്നദ്ധ സംഘടനക ളിൽ നിന്നോ (ചൈൽഡ് ലൈൻ പോലുള്ള) മറ്റു ഏജൻസികളിൽ നിന്നോ കേസ് വർക്കർ, കൗൺസലിംഗ്, സൈക്കോളജിക്കൽ ഇട പെടലുകൾ എന്നിവ നൽകുന്നതിനും, ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടിയുടെ സാമൂഹികാന്വേഷണ റിപ്പോർട്ട് തയാറാ ക്കുന്നതിനും കുട്ടിയുടെ വ്യക്തിഗത ശ്രദ്ധാപദ്ധതി നൽകുന്നതി നും ഇടപെടലുകൾ നടത്താവുന്നതാണ്.

## 12. ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ തീരുമാനങ്ങൾ

പ്രാഥമിക വിലയിരുത്തലിനുശേഷം, ജുവനൈൽ ജസ്റ്റിസ് ബോർഡിന് താഴെപറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളാവുന്ന താണ്.

- കുട്ടിയെ പ്ലേസ് ഓഫ് സേഫ്റ്റിയിലേയ്ക്ക് മാറ്റാൻ ഉത്തരവ് നൽകാവുന്നതാണ്.
- ഉപദേശത്തിനും ഉദ്ബോധനത്തിനും ശേഷം കുട്ടിയെ മോചിപ്പിക്കാനും ഗ്രൂപ്പ് പ്രവർത്തനത്തിലോ കമ്മ്യൂണിറ്റി സേവനത്തിലോ പങ്കെടുക്കാൻ കുട്ടിയോട് ആവശ്യപ്പെടു കയും ശരിയായ കൗൺസിലിംഗ് ക്രമീകരിക്കാൻ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിനോട് (ഡി.സി.പി.യു) ആവശ്യ പ്പെടുകയും ചെയ്യാവുന്നതാണ്.
- ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ ഉത്തരവ് പ്രകാരം കുട്ടിയെ പ്രൊബേഷനിൽ വിട്ടയക്കുമ്പോൾ രക്ഷിതാക്കൾ/ രക്ഷ കർത്താക്കൾ/ഫിറ്റ് പേഴ്സൺ എന്നിവരുടെ മേൽനോ ട്ടത്തിലായിരിക്കണം കുട്ടിയെ സംരക്ഷിക്കുന്ന വ്യക്തി ജുവ

നൈൽ ജസ്റ്റിസ് ബോർഡിന് രേഖാമൂലം സമ്മതപത്രം സമർപ്പിക്കേണ്ടതാണ്.

- വ്യക്തിഗത ബോണ്ടിന്മേൽ ഉത്തരവ് നൽകുക.
- പരമാവധി മൂന്ന് വർഷം വരെ പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തിൽ കുട്ടിയെ വിട്ടയക്കാൻ ഉത്തരവ് നൽകാവുന്നതാണ്.
- കുട്ടി പ്രൊബേഷൻ നിബന്ധനകൾ പാലിക്കുന്നില്ലെന്ന് ജുവനൈൽ ജസ്റ്റിസ് ബോർഡ് കണ്ടെത്തിയാൽ ശേഷിക്കുന്ന സമയത്തേക്ക് കുട്ടിയെ സ്പെഷ്യൽ ഹോമിലേയ്ക്കോ പ്ലേസ് ഓഫ് സേഫ്റ്റിലേക്കോ അയക്കാൻ തീരുമാനിക്കാവുന്നതാണ്.
- ജുവനൈൽ ജസ്റ്റിസ് ബോർഡ് നിയമവുമായി പൊരുത്തപ്പെടാത്ത ഓരോ കുട്ടിയുടെയും നടപടിക്രമങ്ങൾ ബാലനീതി നിയമം ഫോം നമ്പർ 11 പ്രകാരം കൈക്കൊള്ളുന്നതാണ്.
- ജുവനൈൽ ജസ്റ്റിസ് ബോർഡ് തീർപ്പ് കൽപ്പിക്കാത്ത കേസുകളുടെയും, സ്പെഷ്യൽ ഹോം മുതലായവ സന്ദർശിച്ച വിവരങ്ങൾ ബാലനീതി നിയമം ഫോറം നമ്പർ 12 പ്രകാരം ത്രൈമാസ അടിസ്ഥാനത്തിൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിനോ അല്ലെങ്കിൽ ചീഫ് മെട്രോപൊളിറ്റൺ മജിസ്ട്രേറ്റിനോ സമർപ്പിക്കേണ്ടതാണ്.
- നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ നടപടിക്രമങ്ങൾ ജുവനൈൽ ജസ്റ്റിസ് ബോർഡിന് മുമ്പാകെ നടക്കുമ്പോൾ അവയുമായി ബന്ധമില്ലാത്ത ആരും തന്നെ മുറിയിൽ ഇല്ലെന്ന് ഉറപ്പാക്കേണ്ടതാണ്.
- ജുവനൈൽ ജസ്റ്റിസ് ബോർഡ് ശിശു സൗഹാർദ്ദപരമായ രീതിയിൽ നടപടിക്രമങ്ങൾ നടത്തേണ്ടതും കഠിനമായ ഭാഷ ഉപയോഗിക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.
- ജുവനൈൽ ജസ്റ്റിസ് ബോർഡ് സിറ്റിങ്ങ് നടത്തുമ്പോൾ ഉയർന്ന പ്ലാറ്റ്ഫോമിന്റെ ആവശ്യമില്ല.
- ജുവനൈൽ ജസ്റ്റിസ് ബോർഡ് എല്ലാ പ്രവൃത്തി ദിവസങ്ങളിലും കുറഞ്ഞത് ആറ് മണിക്കൂറെങ്കിലും പ്രവർത്തിക്കണം.

- ബാലനീതി നിയമം ഫോറം നമ്പർ 14 പ്രകാരം ജുവനൈൽ ജസ്റ്റിസ് ബോർഡ് കുട്ടിയുടെ പുനരധിവാസ പ്രക്രിയയുടെ പുരോഗതി നിരീക്ഷിക്കേണ്ടതാണ്.
- കുട്ടിയുടെ പഠനം തുടരുന്നതിന് ജുവനൈൽ ജസ്റ്റിസ് ബോർഡ് ഉചിതമായ ഉത്തരവുകൾ നൽകേണ്ടതാണ്.
- ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് നിയമപരമായ സഹായം നൽകുന്നുവെന്ന് ജുവനൈൽ ജസ്റ്റിസ് ബോർഡ് ഉറപ്പാക്കണം.

## 13. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ പുനരധിവാസം

### 1) ഒബ്സർവേഷൻ ഹോം (നിരീക്ഷണ ഭവനം)

കുറ്റകൃത്യം ചെയ്തുവെന്ന് ആരോപിക്കപ്പെടുന്ന കുട്ടികളെ അന്വേഷണം തീർപ്പ് കൽപ്പിക്കുന്നതിന് മുമ്പായി താമസിപ്പിക്കുന്ന സ്ഥലം.

### 2) സ്പെഷ്യൽ ഹോം (പ്രത്യേക ഭവനം)

ജുവനൈൽ ജസ്റ്റിസ് ബോർഡ് ഉത്തരവിട്ട പ്രകാരം കുറ്റം ചെയ്തതായി കണ്ടെത്തിയ കുട്ടികളെ മൂന്ന് വർഷമോ അതിൽ കുറഞ്ഞതോ ആയ കാലയളവിൽ പാർപ്പിക്കുന്ന സ്ഥലം.

### 3) പ്ലേസ് ഓഫ് സേഫ്റ്റി

ജുവനൈൽ ജസ്റ്റിസ് ബോർഡ് നിർദ്ദേശിച്ച പ്രകാരം 18 വയസ്സിന് മുകളിൽ പ്രായമുള്ള വ്യക്തിയോ 16-18 വയസ്സിനിടയിലുള്ള കുട്ടികളോ നിയമവുമായി പൊരുത്തപ്പെടാത്തവരോ അല്ലെങ്കിൽ ഗുരുതര കുറ്റം ചെയ്തതായി കണ്ടെത്തിയാൽ പുനരധിവാസത്തിനായി പാർപ്പിക്കുന്ന സ്ഥലം.

## 14. ദത്തെടുക്കൽ

- ഇന്ത്യൻ കുട്ടികളെ ദത്തെടുക്കുന്നതിനുള്ള നോഡൽ ബോഡിയാണ് സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റി(CARA). രാജ്യ-അന്താരാഷ്ട്ര ദത്തെടുക്കൽ

നിരീക്ഷിക്കാനും നിയന്ത്രിക്കാനുള്ള അധികാരം ഈ സമിതിക്കുണ്ട്.

- അംഗീകൃത ദത്തെടുക്കൽ ഏജൻസി വഴി അനാഥരും ഉപേക്ഷിക്കപ്പെട്ടവരും സറണ്ടർ ചെയ്തതുമായ കുട്ടികളെ ദത്തെടുക്കുന്നതിനാണ് സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റി പ്രധാനമായും ഇടപെടുന്നത്. നിയമത്തിലെ 67-ാം വകുപ്പ് അനുസരിച്ച് ഓരോ സംസ്ഥാനത്തിനകത്തും ദത്തെടുക്കൽ കൈകാര്യം ചെയ്യുന്നതിന് സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് അതോറിറ്റി നിലവിലുണ്ട്.

### 15. ദത്തെടുക്കലിൽ സെൻട്രൽ അഡോപ്ഷൻ അതോറിറ്റിയുടെ പങ്ക്

- രാജ്യത്ത് ദത്തെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു.
- പ്രവാസി ഇന്ത്യാക്കാരിൽ നിന്നോ വിദേശികളിൽ നിന്നോ ദത്തെടുക്കലിനുള്ള അപേക്ഷ സ്വീകരിക്കുകയും അവലോകനവും ചെയ്യുന്നു.
- രാജ്യത്തിനകത്ത് നടക്കുന്ന ദത്തെടുക്കൽ പ്രക്രിയയിൽ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുന്നു.
- ദത്തെടുക്കൽ സംബന്ധമായ കാര്യങ്ങളിൽ സംസ്ഥാന അഡോപ്ഷൻ റിസോഴ്സ് ഏജൻസികളുമായി സംഘടന പ്രവർത്തനം നടത്തുന്നു.
- കുട്ടികളുടെ ദത്തെടുക്കൽ റിസോഴ്സ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് സിസ്റ്റത്തിൽ ദത്തെടുക്കുന്നതിനായ കുട്ടികളുടെയും ദത്തെടുക്കുന്ന മാതാപിതാക്കളുടെയും വിവരങ്ങൾ സമഗ്രകേന്ദ്രീകൃത വിവരശേഖരണമായി സൂക്ഷിക്കുന്നു.

### 16. സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസിയുടെ ഘടന

സംസ്ഥാന സർക്കാർ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി, സംസ്ഥാന അഡോപ്ഷൻ റിസോഴ്സ് ഏജൻസിയുടെ തലവനും താഴെപ്പറയുന്ന അംഗങ്ങളും ഉണ്ടാകണം.

- ദത്തെടുക്കൽ കൈകാര്യം ചെയ്യുന്ന സംസ്ഥാന സർക്കാർ വകുപ്പ് ഡയറക്ടർ അംഗം സെക്രട്ടറിയായിരിക്കും.
- ആരോഗ്യവകുപ്പ് ഡയറക്ടർ/സംസ്ഥാന സർക്കാരിന്റെ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ അംഗം.
- ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഒരു ചെയർപേഴ്സൺ
- സംസ്ഥാന അഡോപ്ഷൻ ഏജൻസികളുടെ പ്രതിനിധി
- ശിശുക്ഷേമവും സംരക്ഷണവുമായി ബന്ധപ്പെട്ട് 10 വർഷത്തെ പരിചയമുള്ള സിവിൽ സൊസൈറ്റിയിൽ നിന്നുള്ള ഒരംഗം
- കേരള സംസ്ഥാന നിയമസഹായ അതോറിറ്റിയിൽ നിന്നുള്ള ഒരംഗം
- മേൽപ്പറഞ്ഞ ഭരണസമിതി പാദവാർഷിക അടിസ്ഥാനത്തിൽ സംസ്ഥാന ദത്തെടുക്കലിന്റെ പുരോഗതി അവലോകനം ചെയ്യുന്നതാണ്.

**16.1 സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസിയുടെ പ്രവർത്തനം**

- സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് അതോറിറ്റി സംസ്ഥാനത്തെ ദത്തെടുക്കൽ പദ്ധതിയുടെ പ്രമോഷൻ, ഫെസിലിറ്റേഷൻ, മോണിറ്ററിംഗ്, റഗുലേഷൻ എന്നിവ നടപ്പിലാക്കുന്നു.
- സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിയ്ക്ക് ഓരോ ജില്ലയിലേയും ഒന്നോ അതിൽ അധികമോ ശിശു സംരക്ഷണ സ്ഥാപനങ്ങളെ പ്രത്യേക ദത്തെടുക്കൽ ഏജൻസികളായി അംഗീകരിക്കാൻ ശുപാർശ നൽകാവുന്നതാണ്.
- സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് അതോറിറ്റി പ്രത്യേക ദത്തെടുക്കൽ ഏജൻസികളുടെ വിവരങ്ങൾ പ്രസിദ്ധീകരിക്കുകയും കൂടാതെ ഓരോ അഞ്ചു വർഷത്തിലും അംഗീകാരം കൊടുക്കാൻ ശുപാർശ ചെയ്യാവുന്നതാണ്.
- അധികാര പരിധിക്കുള്ളിലെ ദത്തെടുക്കൽ ഏജൻസികളുടെ ദത്തെടുക്കൽ പ്രോഗ്രാമുകളും പ്രവർത്തനങ്ങളും

നിരീക്ഷിക്കുകയും പരിശോധിക്കുകയും ചെയ്യാവുന്നതാണ്.

- കുട്ടികളുടെ ദത്തെടുക്കൽ റിസോഴ്സ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് സിസ്റ്റത്തിൽ ദത്തെടുക്കുന്നതിനായ കുട്ടികളുടെയും ദത്തെടുക്കുന്ന മാതാപിതാക്കളുടെയും വിവരങ്ങൾ സമഗ്രകേന്ദ്രീകൃത വിവരശേഖരണമായി സൂക്ഷിക്കുന്നു.
- സംസ്ഥാനത്തെ എല്ലാ ദത്തെടുക്കലുകളും നിയമത്തിലെ വ്യവസ്ഥകൾ, ചട്ടങ്ങൾ എന്നിവ അനുസരിച്ചാണ് നടക്കുന്നതെന്ന് ഉറപ്പുവരുത്തുക.

## 17. സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസി (SAA)

അനാഥരും ഉപേക്ഷിക്കപ്പെട്ടവരും സറണ്ടർ ചെയ്തതുമായ കുട്ടികളെ ദത്തെടുക്കുന്നതിനും, സ്ഥാപനേതര സംരക്ഷണം വഴിയായി പുനരധിവാസത്തിനുമായി, സംസ്ഥാന സർക്കാരിന്, ഓരോ ജില്ലയിലും അതോറിറ്റിയുടെ ദത്തെടുക്കൽ നിയന്ത്രണങ്ങൾക്ക് വിധേയമായി സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസിയായി ഒന്നോ അതിലധികമോ സ്ഥാപനങ്ങളെയോ, സംഘടനകളെയോ അംഗീകരിക്കാവുന്നതാണ്.

- സംസ്ഥാന സർക്കാർ വർഷത്തിൽ ഒരിക്കലെങ്കിലും ഇത്തരം ഏജൻസികളെ പരിശോധിക്കുകയും ആവശ്യമെങ്കിൽ പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുമാണ്.
- നിയമപരമായി ദത്തെടുക്കാൻ സ്വാതന്ത്ര്യമുള്ള 0-6 വയസ്സുവരെയുള്ള കുട്ടികളെ ദത്തെടുക്കുന്നതിനായി പ്രാഥമിക പരിഗണന നൽകി സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസിയിൽ സൂക്ഷിക്കുന്നു.
- നിയമപരമായി ദത്തെടുക്കാൻ സ്വാതന്ത്ര്യമുള്ളതും എന്നാൽ രണ്ട് വർഷത്തിനുള്ളിൽ ദത്തെടുക്കാത്തതുമായ 6-8 വയസ്സുവരെയുള്ള കുട്ടികളെ ഫാമിലി ഫോസ്റ്റർ കെയർ അല്ലെങ്കിൽ ഗ്രൂപ്പ് ഫോസ്റ്റർ കെയർ എന്നിവയിൽ ഉൾപ്പെടുത്താവുന്നതാണ്.

- നിയമപരമായി ദത്തെടുക്കാൻ സ്വാതന്ത്ര്യമുള്ളതും എന്നാൽ ഒരു വർഷത്തിനുള്ളിൽ ദത്തെടുക്കാത്തതുമായ 8-18 വയസ്സുവരെയുള്ള കുട്ടികളെ ഫോസ്റ്റർ കെയറിൽ ഉൾപ്പെടുത്താവുന്നതാണ്.

## 18. ദത്തെടുക്കുന്ന മാതാപിതാക്കളുടെ യോഗ്യത

- ദത്തെടുക്കുന്ന മാതാപിതാക്കൾ കുട്ടിയെ പരിപാലിക്കാൻ ശാരീരികമായും മാനസികമായും സാമ്പത്തികമായും ശേഷിയുള്ളവരാകണം.
- ദമ്പതികളാണ് ദത്തെടുക്കുന്നതെങ്കിൽ രണ്ട് പങ്കാളികളുടെയും സമ്മതം നിർബന്ധമാണ്.
- പുരുഷൻമാർക്ക് പെൺകുട്ടികളെ ദത്തെടുക്കാൻ അനുമതിയില്ല.
- ഏകയായി ജീവിക്കുന്ന സ്ത്രീക്ക് ലിംഗവ്യത്യാസമില്ലാതെ കുട്ടിയെ ദത്തെടുക്കാവുന്നതാണ്.
- കുറഞ്ഞത് രണ്ട് വർഷത്തെ ദാമ്പത്യജീവിതം നയിച്ചവർക്കാണ് കുട്ടിയെ ദത്തെടുക്കാൻ അനുമതി നല്കുന്നത്.

| കുട്ടിയുടെ പ്രായം | ദത്തെടുക്കുന്ന ദമ്പതികളുടെ സംയോജിത പ്രായം | ഒറ്റയ്ക്കാണ് ദത്തെടുക്കുന്നത് എങ്കിൽ പ്രോസ്പെക്റ്റീവ് അഡോപ്റ്റീവ് പാരന്റിന്റെ പരമാവധി പ്രായം |
|---|---|---|
| 4 വയസ്സ് വരെ | 90 വയസ്സ് | 45 വയസ്സ് |
| 4 വയസ്സ് മുതൽ 8 വയസ്സ് വരെ | 100 വയസ്സ് | 50 വയസ്സ് |
| 8 മുതൽ 18 വയസ്സ് വരെ | 110 വയസ്സ് | 55 വയസ്സ് |

- ദത്തെടുക്കുന്ന കുട്ടിയുടെയും പ്രോസ്പെക്റ്റീവ് അഡോപ്റ്റീവ് പാരന്റിന്റെയും വയസ്സുകൾ തമ്മിലുള്ള അന്തരം 25 വയസ്സിൽ കുറയാൻ പാടുള്ളതല്ല.
- ബന്ധുമിത്രാദികളാണ് കുട്ടിയെ ദത്തെടുക്കുന്നതെങ്കിൽ പ്രായവ്യത്യാസം ബാധകമല്ല.

## 19. ബാലനീതി നിയമം 2015 പ്രകാരം അനുശാസിക്കുന്ന കുറ്റവും ശിക്ഷയും

ബാലനീതി നിയമം 2015 പ്രകാരം കുട്ടികളുമായി ബന്ധപ്പെട്ട വിവിധ കുറ്റകൃത്യങ്ങളും അവയ്ക്ക് അനുശാസിക്കുന്ന ശിക്ഷകളും താഴെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

| വകുപ്പ് | കുറ്റം | ശിക്ഷ (വകുപ്പ്) |
|---|---|---|
| 33 | ഏതെങ്കിലും കുട്ടികളെ ഉപേക്ഷിച്ചോ നഷ്ടപ്പെട്ടോ കിട്ടിയിട്ട് അറിയിക്കാതിരുന്നാൽ | ആറുമാസം വരെ തടവോ പതിനായിരം രൂപ പിഴയോ രണ്ടും കൂടിയോ (34) |
| 74(1) | കുറ്റകൃത്യത്തിന് ഇരയായ കുട്ടികളുടെയോ കുറ്റകൃത്യങ്ങൾ ചെയ്ത കുട്ടികളുടെയോ വിവരങ്ങൾ പുറത്ത് വിട്ടാൽ | ആറുമാസം വരെ തടവോ 2 ലക്ഷം രൂപ വരെ പിഴയോ രണ്ടും കൂടിയോ 74(3) |
| 75 | കുട്ടികളെ ആക്രമിക്കുക, ഉപദ്രവിക്കുക, അവഗണിക്കുക, അതിലൂടെ കുട്ടികൾക്ക് മാനസിക - ശാരീരിക സമ്മർദ്ദം ഏൽപ്പിക്കുക | 3 വർഷം വരെ തടവോ 1 ലക്ഷം രൂപ പിഴയോ രണ്ടും കൂടിയോ |
| 76 | ഭിക്ഷാടനത്തിന് കുട്ടികളെ ഉപയോഗിക്കൽ, ഭിക്ഷാടനത്തിനായി അംഗഭംഗം വരുത്തൽ | 5 വർഷം വരെ തടവും 1 ലക്ഷം രൂപ വരെ പിഴയും 7 മുതൽ 10 വർഷം വരെ കഠിന തടവും 5 ലക്ഷം രൂപ പിഴയും |
| 77 | മദ്യം, പുകയില, ലഹരി വസ്തുക്കൾ എന്നിവ കുട്ടികൾക്ക് കൊടുത്താൽ | 7 വർഷം വരെ കഠിന തടവും 1 ലക്ഷം രൂപ വരെ പിഴയും |

| | | |
|---|---|---|
| 78 | മദ്യം, മയക്കുമരുന്ന് വിൽപ്പനയ്ക്കോ വിതരണത്തിനോ കള്ളക്കടത്തിനോ കുട്ടിയെ ഉപയോഗിച്ചാൽ | 7 വർഷം വരെ കഠിന തടവും<br>1 ലക്ഷം രൂപ വരെ പിഴയും |
| 79 | കുട്ടിയെക്കൊണ്ട് അടിമവേല ചെയ്യിക്കുകയോ ജോലി ചെയ്യിച്ച് സാമ്പത്തികമായി ചൂഷണം ചെയ്യുകയോ ചെയ്താൽ | 5 വർഷം വരെ കഠിനതടവും<br>1 ലക്ഷം രൂപ വരെ പിഴയും |
| 80 | അനധികൃതമായി കുട്ടികളെ ദത്ത് കൊടുത്താൽ | 3 വർഷം വരെ തടവോ 1 ലക്ഷം രൂപ പിഴയോ രണ്ടും കൂടിയോ |
| 81 | കുട്ടികളെ വിൽക്കുകയോ വാങ്ങുകയോ ചെയ്താൽ | 5 വർഷം വരെ കഠിന തടവും<br>1 ലക്ഷം രൂപ പിഴയും |
| 82 | കുട്ടിക്ക് ശാരീരിക ശിക്ഷ നൽകിയാൽ | പതിനായിരം രൂപ പിഴയും കുറ്റം ആവർത്തിക്കുകയാണെങ്കിൽ 3 മാസം വരെ തടവോ പിഴയോ രണ്ടും കൂടിയോ |
| 83 | കലാപകാരികളോ മറ്റുള്ളവരോ കുട്ടികളെ ദുരുപയോഗം ചെയ്താൽ | 7 വർഷം വരെ കഠിന തടവും<br>5 ലക്ഷം രൂപ പിഴയും |
| 84 | കുട്ടികളെ തട്ടിക്കൊണ്ടു പോകൽ | ഐ.പി.സി. 360, 363 പ്രകാരം<br>7 വർഷം വരെ തടവ് ശിക്ഷയും പിഴയും |
| 85 | മാനസിക, ശാരീരിക ഭിന്നശേഷിക്കാരായ കുട്ടികളുടെ മേലുള്ള അതിക്രമം | നിഷ്കർഷിക്കപ്പെട്ട ശിക്ഷയുടെ ഇരട്ടി ശിക്ഷ |

**കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപനങ്ങൾ ബാലനീതി നിയമപ്രകാരം സർക്കാർ രജിസ്ട്രേഷൻ വാങ്ങിയില്ലെങ്കിൽ ഒരു വർഷം വരെ തടവോ ഒരു ലക്ഷത്തിൽ കുറയാത്ത പിഴയോ രണ്ടും കൂടിയോ 42-ാം വകുപ്പ് പ്രകാരം ശിക്ഷ ലഭിക്കാവുന്നതാണ്.**

## 20. ജില്ലാ മജിസ്ട്രേറ്റ്/അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ പ്രവർത്തനങ്ങളും ഉത്തരവാദിത്വങ്ങളും(ബാലനീതി, (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) 2015, ഭേദഗതി നിയമം - 2021 പ്രകാരം)

1. ജില്ലാ മജിസ്ട്രേറ്റ് എന്നത് ജില്ലയിലെ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിനേയും ഉൾക്കൊള്ളിച്ചിരിക്കുന്നു. (വകുപ്പ് 2(26 A)

2. ഈ നിയമത്തിന്റെയും മറ്റ് ശിശു സംരക്ഷണ നടപടികളുടെയും ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെയും മേൽനോട്ടം ജില്ലാ മജിസ്ട്രേറ്റിന്റെ ചുമതലയാണ്.(വകുപ്പ് 2(26 A)

3. ത്രൈമാസാടിസ്ഥാനത്തിൽ തീർപ്പാക്കാത്ത കേസുകളുടെ വിവരങ്ങൾ ജില്ലാ മജിസ്ട്രേറ്റിന് ജുവനൈൽ ജസ്റ്റിസ് ബോർഡ് കൈമാറേണ്ടതാണ് (വകുപ്പ് 16(3))

4 ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ പ്രവർത്തനം ത്രൈമാസാടിസ്ഥാനത്തിൽ ജില്ലാ മജിസ്ട്രേറ്റ് അവലോകനം നടത്തേണ്ടതാണ്. (വകുപ്പ് 27(8))

5. ജില്ലാ മജിസ്ട്രേറ്റ് ശിശുക്ഷേമസമിതിക്കായുള്ള പരാതി പരിഹാര അതോറിറ്റിയുടെ അധികാരി ആയിരിക്കേണ്ടതും കുട്ടിയുമായി ബന്ധപ്പെട്ട ആരെങ്കിലും ജില്ലാ മജിസ്ട്രേറ്റിനു പരാതി സമർപ്പിക്കാവുന്നതും ജില്ലാ മജിസ്ട്രേറ്റ് അത് പരിഗണിച്ച് കക്ഷികളെ കേൾക്കാനുള്ള അവസരം നൽകിയശേഷം യുക്തമായ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. (വകുപ്പ് 27(10))

6. പരിഗണനയിലിരിക്കുന്ന കേസുകളെ സംബന്ധിച്ചും തീർപ്പാക്കിയ കേസുകളുടെ സ്വഭാവത്തെ സംബന്ധിച്ചും ജില്ലാ മജിസ്ട്രേറ്റിന് പരിഗണനയിലിരിക്കുന്ന കേസുകളുടെ എണ്ണത്തെ സംബന്ധിച്ച് ബോദ്ധ്യപ്പെടുന്നതിലേക്കായി ചട്ടപ്രകാരം കമ്മിറ്റി ത്രൈമാസ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. (വകുപ്പ് 36(4))

7. പുനപരിശോധനയ്ക്ക്ശേഷം ജില്ലാ മജിസ്ട്രേറ്റ്, ആവശ്യമെങ്കിൽ തീർപ്പാക്കാത്ത കേസുകളുടെ എണ്ണം കുറയ്ക്കുന്ന

തിന് ആവശ്യമായ പരിഹാര നടപടികൾ കൈക്കൊള്ളുവാനും കമ്മിറ്റിക്ക് നിർദ്ദേശം നൽകേണ്ടതും പുനപരിശോധന റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കേണ്ടതും ആയതിന്മേൽ ആവശ്യമെന്നു തോന്നുന്നപക്ഷം സർക്കാരിന് കൂടുതൽ കമ്മിറ്റി രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകാവുന്നതുമാണ്. (വകുപ്പ് 36(5)).

8. ചൈൽഡ് വെൽഫെയർ കമ്മിറ്റിയോ, ജുവനൈൽ ജസ്റ്റിസ് ബോർഡോ പുറപ്പെടുവിച്ച ഒരു ഉത്തരവിലൂടെ ഏതെങ്കിലും വ്യക്തി തൃപ്തനല്ലെങ്കിൽ അത്തരം ഉത്തരവിന്റെ തീയതി മുതൽ 30 ദിവസത്തിനകം, കമ്മിറ്റിയുടെ ഫോസ്റ്റർ കെയർ, സ്പോൺസർഷിപ്പ്, അനന്തരസംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട തീരുമാനങ്ങളൊഴികെയുള്ള കാര്യങ്ങളിൽ ചിൽഡ്രൻസ് കോടതിയിലേക്ക് അപ്പീൽ സമർപ്പിക്കാവുന്നതും, മേൽപറഞ്ഞ തീരുമാനങ്ങൾക്കെതിരെ അപ്പീൽ അധികാരി ജില്ലാ മജിസ്ട്രേറ്റ് ആയിരിക്കുന്നതുമാണ്. (വകുപ്പ് 101(1)).

9. ജില്ലാ മജിസ്ട്രേറ്റിന് കുട്ടിയുടെ ഉത്തമ താല്പര്യം പരിഗണിച്ച് ഏത് തരത്തിലുള്ള വിവരങ്ങളും കർത്തവ്യവാഹകരിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. (വകുപ്പ് 16(4)).

10. ദത്തെടുക്കലിന് സ്വാതന്ത്രരാണെന്ന് പ്രഖ്യാപിച്ച് കുട്ടികളുടെ എണ്ണത്തെ സംബന്ധിച്ചും ചട്ടപ്രകാരം തീരുമാനമെടുക്കുന്നതിന് ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ പരിഗണനയിലിരിക്കുന്ന കേസുകളുടെ എണ്ണത്തെ സംബന്ധിച്ചും, എല്ലാ മാസവും ജില്ലാ മജിസ്ട്രേറ്റിനും, സംസ്ഥാന ഏജൻസി അതോറിറ്റിയേയും ചൈൽഡ് വെൽഫെയർ കമ്മിറ്റി അറിയിക്കേണ്ടതാണ്(വകുപ്പ് 38(5)).

11. ചൈൽഡ് വെൽഫെയർ കമ്മിറ്റി സ്ഥാപനവാസികളായിരുന്ന കുട്ടികളുടെ പുനസ്ഥാപനത്തെ സംബന്ധിച്ചും, മരണപ്പെട്ട കുട്ടികളെ കുറിച്ചും, ഓടിപ്പോയ കുട്ടികളെ കുറിച്ചുമുള്ള ത്രൈമാസ റിപ്പോർട്ട് സർക്കാരിലേക്കും ജില്ലാ മജിസ്ട്രേറ്റിനും സമർപ്പിക്കേണ്ടതാണ് (വകുപ്പ് 40(4)).

12. ശിശുസംരക്ഷണ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംസ്ഥാന സർക്കാർ ജില്ലാ മജിസ്ട്രേറ്റിന്റെ ശുപാർശകൾ നിർണയിച്ച് സ്ഥാപനത്തിന്റെ ശേഷിയും ഉദ്ദേശവും നിശ്ച യിക്കേണ്ടതും അത് രേഖപ്പെടുത്തേണ്ടതും ഓരോ സ്ഥാപ നത്തിന്റെയും സ്വഭാവമനുസരിച്ച് സ്ഥാപനത്തെ ശിശുഭവന മായോ, പൊതുഅഭയകേന്ദ്രമായോ, പ്രത്യേക ദത്തെടുക്കൽ കേന്ദ്രമായോ, നിരീക്ഷണ ഭവനമായോ, പ്രത്യേക ഭവന മായോ, സുരക്ഷിതകേന്ദ്രമായോ രജിസ്റ്റർ ചെയ്യാവുന്ന താണ്. (വകുപ്പ് 41(2)).

13. കുട്ടികളെ പാർപ്പിക്കുന്ന സൗകര്യങ്ങളിൽ ഇൻസ്പെക്ഷൻ കമ്മിറ്റികൾ സന്ദർശനം നടത്തേണ്ടതും അത്തരം സന്ദർശനങ്ങളുടെ കണ്ടെത്തലുകൾ അടങ്ങിയ റിപ്പോർട്ടു കൾ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിലേക്കോ, ജില്ലാ മജിസ്ട്രേറ്റിനോ, സംസ്ഥാന സർക്കാരിനോ തുടർ നടപടി കൾക്കായി സമർപ്പിക്കേണ്ടതാണ്. (വകുപ്പ് 54(2)).

14. കുട്ടികളെ പാർപ്പിക്കുന്ന സൗകര്യങ്ങളിൽ സന്ദർശനം നടത്തി ഒരാഴ്ചക്കുള്ളിൽ സമർപ്പിച്ച പരിശോധന കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റോ, ജില്ലാ മജിസ്ട്രേറ്റോ, സംസ്ഥാന സർക്കാരോ അനുയോജ്യമായ നടപടികൾ ഒരുമാസത്തിനകം സ്വീകരി ക്കേണ്ടതും ഒരു കംപ്ലയൻസ് റിപ്പോർട്ട് സംസ്ഥാന സർക്കാ രിന് സമർപ്പിക്കേണ്ടതുമാണ്. (വകുപ്പ് 54(3)).

15. ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെയോ, ചൈൽഡ് വെൽഫെ യർ കമ്മിറ്റിയുടെയോ സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റിന്റെയോ രജിസ്ട്രേർഡ് സ്ഥാപനങ്ങളുടെയോ അംഗീകാരമുള്ള അനുയോജ്യ സൗകര്യങ്ങളുടെയോ വ്യക്തികളുടെയോ പ്രവർത്തനങ്ങളെ കേന്ദ്രസർക്കാരിനോ സംസ്ഥാന സർക്കാരിനോ ജില്ലാ മജിസ്ട്രേറ്റിന് അതാതു സർക്കാരുകൾ അനുശാസിച്ചപ്രകാരം വ്യക്തികളോ സ്ഥാപ നങ്ങളോ വഴി നിശ്ചിത കാലയളവിൽ സ്വാതന്ത്രമായി വില യിരുത്താവുന്നതാണ്. (വകുപ്പ് 55(1)).

16. ജില്ലാ മജിസ്ട്രേറ്റിന്റെ/കോടതിയുടെ നിയമാനുസൃതമായ ഉത്തരവ് ഇല്ലാതെ വിദേശ രാജ്യത്തേക്ക് ദത്തെടുക്കപ്പെടുന്ന കുട്ടിയെ കൊണ്ടുപോകുകയോ അയയ്ക്കുകയോ , വിദേശ രാജ്യത്തുള്ള മറ്റൊരു വ്യക്തിക്ക് കുട്ടിയെ കൈമാറ്റം നടത്തുന്നതിനും എന്തെങ്കിലും സൗകര്യങ്ങൾ ഒരുക്കുകയോ ചെയ്താൽ ആ വ്യക്തിക്ക് ദത്തെടുക്കലിന്റെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കാത്തതിനുള്ള ശിക്ഷാ നടപടികൾക്ക് ശിക്ഷിക്കപ്പെടാവുന്നതാണ്. (വകുപ്പ് 56(5)).

17. ദത്തെടുക്കൽ ആഗ്രഹിക്കുന്ന മാതാപിതാക്കളിൽ നിന്ന് കുട്ടിയുടെ പഠന റിപ്പോർട്ടും വൈദ്യപരിശോധന റിപ്പോർട്ടും ഒപ്പിട്ട് കുട്ടിയെ സ്വീകരിച്ചതിനുശേഷം സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസിക്ക് ദത്തെടുക്കലിനു മുമ്പുള്ള ഫോസ്റ്റർ കെയറിനും മറ്റും അതോറിറ്റിയുടെ ദത്തെടുക്കൽ നിയന്ത്രണങ്ങൾ പ്രകാരം ദത്തെടുക്കൽ ഉത്തരവ് ലഭിക്കുന്നതിനുവേണ്ടി കോടതിയിൽ/ ജില്ലാ മജിസ്ട്രേറ്റിനു മുമ്പാകെ അപേക്ഷിക്കാവുന്നതാണ്. (വകുപ്പ് 58(3)).

18. കുട്ടിയെ സ്വീകരിക്കുന്നതിനായി ദത്തെടുക്കാൻ പോകുന്ന മാതാപിതാക്കളിൽ നിന്നും സമ്മതപത്രം ലഭിച്ചതിനുശേഷം സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസി കോടതി/ ജില്ലാ മജിസ്ട്രേറ്റിനു മുമ്പാകെ അതോറിറ്റിയുടെ നിയന്ത്രണങ്ങൾക്ക് വിധേയമായി ദത്തെടുക്കൽ ഉത്തരവ് ലഭിക്കുന്നതിനായുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. (വകുപ്പ് 59(7)).

19. വിദേശത്ത് താമസിക്കുന്ന ഒരു ബന്ധു ഇന്ത്യയിൽ ഉള്ള ബന്ധുവിൽ നിന്ന് ഒരു കുട്ടിയെ ദത്തെടുക്കാൻ ഉദ്ദേശിച്ചാൽ കോടതിയിൽ/ ജില്ലാ മജിസ്ട്രേറ്റിൽ നിന്നും ഉത്തരവ് നേടേണ്ടതും അതോറിറ്റിയുടെ ദത്തെടുക്കൽ നിയന്ത്രണങ്ങൾക്ക് വിധേയമായി നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിനായി അതോറിറ്റി മുമ്പാകെ അപേക്ഷിക്കേണ്ടതുമാണ്. (വകുപ്പ് 60(1)).

20. ദത്തെടുക്കൽ നടപടികൾ 'ഇൻ ക്യാമറ'യിൽ നടത്തേണ്ട തും ഫയൽ ചെയ്ത് രണ്ട് മാസത്തിനുള്ളിൽ കോടതി/ ജില്ലാ മജിസ്ട്രേറ്റ് കേസ് തീർപ്പാക്കേണ്ടതുമാണ്. (വകുപ്പ് 61(2)).

21. ജില്ലാ മജിസ്ട്രേറ്റിന്റെ ദത്തെടുക്കൽ ഉത്തരവ് ലഭിച്ചതി നുശേഷം പ്രസ്തുത ഉത്തരവിൽ സംതൃപ്തനല്ലെങ്കിൽ ഡിവിഷണൽ കമ്മീഷണർക്ക് അപ്പീൽ നൽകാവുന്നതാണ്. (വകുപ്പ് 101(6)).

## 21. ബാലാവകാശ സംരക്ഷണ കമ്മീഷൻ

ഐക്യരാഷ്ട്രസഭയുടെ 2002 മെയ് മാസത്തിൽ കൂടിയ കുട്ടി കൾക്കു വേണ്ടിയുള്ള പ്രത്യേക സമ്മേളനം 'കുട്ടികൾക്ക് അനു യോജ്യമായ ഒരു ലോകം' എന്ന ശീർഷകത്തോടു കൂടിയ രേഖ അംഗീകരിച്ചതിന്റെ വെളിച്ചത്തിലാണ് 2005-ൽ കേന്ദ്ര സർക്കാർ 'ബാലാവകാശ സംരക്ഷണ കമ്മീഷനുകൾ ആക്ട് ' എന്ന നിയമം പാസാക്കിയത്. അതിന്റെ അടിസ്ഥാനത്തിൽ ദേശീയ തലത്തിൽ ബാലാവകാശ കമ്മീഷൻ സ്ഥാപിതമായി.

2013 ജൂൺ മൂന്നാം തീയതിയാണ് കേരള സംസ്ഥാന ബാലാ വകാശ സംരക്ഷണ കമ്മീഷൻ നിലവിൽ വന്നത്. ചെയർപേഴ്സ ണും ആറ് അംഗങ്ങളും ഉൾപ്പെടുന്നതാണ് കമ്മീഷന്റെ ഘടന. കുട്ടികൾക്കായുള്ള ക്ഷേമപദ്ധതികളും സുരക്ഷാ ഏർപ്പാടുകളും പരിശോധിക്കുകയും ബാലാവകാശ ലംഘനങ്ങൾ അന്വേഷണ വിചാരണ ചെയ്യുകയും അങ്ങനെയുള്ള കേസുകളിൽ നടപടി കൾക്കാവശ്യമായ ശുപാർശകൾ നൽകുകയും ചെയ്യുക എന്നിവ യാണ് കമ്മീഷന്റെ പ്രധാന ചുമതലകൾ.

കൂടാതെ സംസ്ഥാനത്ത് ബാലനീതി (കുട്ടികളുടെ ശ്രദ്ധ യും സംരക്ഷണവും) നിയമം 2015 (Juvenile Justice – Care & Protection of Children Act 2015), കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം 2009, (The Right of Children to Free and Compulsory Education Act, 2009), കുട്ടികളെ ലൈംഗിക കുറ്റ കൃത്യങ്ങ ളിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള നിയമം 2012 (Protection of Children from Sexual Offencs Act, 2012) എന്നിവയുടെ നടത്തിപ്പിന്റെ നിരീക്ഷണ

ചുമതലയും സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമാണ്.

2005 ലെ കുട്ടികളുടെ അവകാശ സംരക്ഷണത്തിനായുള്ള കമ്മീഷൻ ആക്ടിലെ (2006-ന്റെ (4) മൂന്നാം വകുപ്പ് പ്രകാരം സ്ഥാപിച്ചിരിക്കുന്ന കുട്ടികളുടെ അവകാശ സംരക്ഷണത്തിനായുള്ള ദേശീയ കമ്മീഷനോ അല്ലെങ്കിൽ 17-ാം വകുപ്പ് പ്രകാരം സ്ഥാപിച്ചിട്ടുള്ള കുട്ടികളുടെ അവകാശ സംരക്ഷണത്തിനായുള്ള സംസ്ഥാന കമ്മീഷനോ ഈ നിയമത്തിൽ നൽകിയിട്ടുള്ള ചുമതലകൾക്ക് പുറമേ, ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കലിലുള്ള, ചട്ടത്തിൽ അനുശാസിക്കുന്ന തരത്തിൽ നിരീക്ഷണം നടത്തേണ്ടതുമാണ്.

ഈ നിയമപ്രകാരം ഏതെങ്കിലും കുറ്റകൃത്യവുമായി ബന്ധപ്പെട്ട് നടക്കുന്ന അന്വേഷണങ്ങളിൽ അതാത് ദേശീയ കമ്മീഷനും സംസ്ഥാന കമ്മീഷനും 2005 ലെ കുട്ടികളുടെ അവകാശ സംരക്ഷണ നിയമത്തിനായുള്ള കമ്മീഷൻ നിയമം (2006-ന്റെ (4) പ്രകാരം നിക്ഷിപ്തമായ അതേ അധികാരങ്ങൾ തന്നെ ഉണ്ടായിരിക്കുന്നതാണ്.

2005-ലെ ശിശു അവകാശ സംരക്ഷണത്തിനായുള്ള കമ്മീഷൻ നിയമ(2006-ന്റെ (4))-ൽ 16-ാം വകുപ്പ് പ്രകാരം സമർപ്പിക്കേണ്ട വാർഷിക റിപ്പോർട്ടിൽ അതാത് ദേശീയ കമ്മീഷനോ, സംസ്ഥാന കമ്മീഷനോ ഈ വകുപ്പിന് കീഴിൽ നടത്തിയ പ്രവർത്തനങ്ങളും ഉൾപ്പെടുത്തേണ്ടതാണ്.

**മാതൃക ചട്ടം 91(5) - പ്രകാരം കുട്ടികളുടെ അവകാശ സംരക്ഷണത്തിനായുള്ള ദേശീയ - സംസ്ഥാന കമ്മീഷനുകളുടെ നിരീക്ഷണ ചുമതലകൾ**

2005-ലെ കുട്ടികളുടെ അവകാശ സംരക്ഷണത്തിനായുള്ള കമ്മീഷൻ ആക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് പുറമേ ദേശീയ സംസ്ഥാന കമ്മീഷൻ, കേന്ദ്ര - സംസ്ഥാന സർക്കാരുമായി കൂടിയാലോചിച്ച് താഴെപറയുന്ന പ്രവർത്തനങ്ങൾ നിർവ്വഹിക്കാവുന്നതാണ്:-

1. നിയമപ്രകാരം സ്ഥാപിതമായ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുക

2. കുട്ടികളുടെ അവകാശങ്ങൾ, ലിംഗാവബോധം തുടങ്ങിയവയെ കുറിച്ചുള്ള ഐ.ഇ.സി (ഇൻഫർമേഷൻ,എഡ്യുക്കേഷൻ & കമ്മ്യൂണിക്കേഷൻ) സാമഗ്രികൾ തയ്യാറാക്കുക

3. കുട്ടികളുടെ നവീകരണത്തിനും പുനരധിവാസത്തിനുമുള്ള പെരുമാറ്റചട്ടം തയ്യാറാക്കുക

4. ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം, കുട്ടിക്കടത്ത്, കുട്ടികൾക്കെതിരായ ലൈംഗികചൂഷണം, ബാലവിവാഹം, കുട്ടികൾക്കെതിരായ മറ്റ് അതിക്രമങ്ങൾ എന്നിവ സംബന്ധിച്ചും, കുട്ടികൾക്കെതിരായ കുറ്റകൃത്യങ്ങൾ തിരിച്ചറിയുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള അവബോധം നൽകുക.

5. കുട്ടികൾക്ക് എതിരായ കുറ്റകൃത്യങ്ങളെ കുറിച്ച് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കും മുൻസിപ്പൽ കോർപ്പറേഷനുകൾക്കുമായി ശിൽപശാലകൾ നടത്തുകയും, കുറ്റകൃത്യങ്ങൾ നടന്നതായും, റിപ്പോർട്ട് ചെയ്യുന്നതായും ശ്രദ്ധയിൽപ്പെടുന്ന പക്ഷം കുട്ടികൾക്ക് മെച്ചപ്പെട്ട സംരക്ഷണം ഉറപ്പ് വരുത്തുക

6. അതിജീവിതകളായ കുട്ടികൾക്കും അവരുടെ കുടുംബങ്ങൾക്കും അവകാശങ്ങൾ വിശദമാക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തിയ പ്രാദേശിക ഭാഷകളിൽ തയ്യാറാക്കിയ വിവര സാമഗ്രികൾ തയ്യാറാക്കുക.

7. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് കോ-ഓപ്പറേഷൻ ആന്റ് ചൈൽഡ് ഡെവലപ്മെന്റ്, സംസ്ഥാന ശിശു സംരക്ഷണ സമിതികൾ എന്നിവയോടൊപ്പം കർത്തവ്യവാഹകർക്ക് പ്രത്യേക പരിശീലനം മുൻകൂർ തയ്യാറാക്കുക

Printed at Kerala State C-apt, Thiruvananthapuram. Ph: 0471-2365678